# ദി ഡിഫെൻഡർ

Vol. No. 14 Issue No. 17 RNI Reg. No. 68089 / 97 Published From Perumbavoor 2011 September 1 Price: Rs.100/- P.A.


## അടിപ്പീസി ഇലക്ഷൻ

# ജേണൽ VS സ്വർഗ്ഗീയധ്വനി



സാംകുട്ടി മാത്യു



ജയ്സ് പാണ്ടനാട്



ഫിലിപ്പ് പി. തോമസ്



ഫിന്നി പി. മാത്യു

ഐ.പി.സി. ഇലക്ഷൻ ഒരു വർഷം അകലെയാണെങ്കിലും അണിയറനീക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഉള്ള കസേരകൾ നഷ്ടപ്പെടാതിരിക്കാനും കൂടുതൽ നല്ല കസേരകൾ ലഭിക്കാനുമായി നേതാക്കൻമാർ ഓട്ടം ആരംഭിച്ചു. മാധ്യമങ്ങളെ മുൻനിർത്തിയുള്ള യുദ്ധം പതിവിലും നേരത്തെ തുടങ്ങിയിട്ടുണ്ട്. ബിലീവേഴ്സ് ജേണൽ, സ്വർഗ്ഗീയധ്വനി എന്നിവയാണ് ഇലക്ഷനുമായി ബന്ധപ്പെട്ട് രംഗത്തു വന്നിട്ടുള്ള പെന്തക്കോസ് പത്രങ്ങൾ. മറ്റു പത്രങ്ങളും പിന്നാലെയെത്തും.

ഐ.പി.സി കേരള സ്റ്റേറ്റ് സെക്രട്ടറിയായ ഫിലിപ്പ് പി. തോമസിന് എതിരായ നിലപാടാണ് ബിലീവേഴ്സ് ജേണലിലെ സാംകുട്ടി മാത്യു സ്വീകരിച്ചിരിക്കുന്നത്. പേരെടുത്തു പറഞ്ഞും പറയാതെയും ഫിലിപ്പ് പി. തോമസിനെ സാംകുട്ടി വിമർശിച്ചു വരുന്നു. ഈ വിമർശനങ്ങളെ പ്രതിരോധിക്കാൻ സ്വർഗ്ഗീയധ്വനി രംഗത്തെത്തിയതോടെ മാധ്യമരംഗം ചൂടു പിടിച്ചിരിക്കയാണ്.

ബിലീവേഴ്സ് ജേണലിന്റെ സ്പോൺസർമാരിൽ പ്രധാനിയാണ് അമേരിക്കയിലെ അറ്റ്ലാന്റയിലുള്ള രാജൻ ആര്യപ്പള്ളി. ജേണലിന്റെ ചെയർമാനും ഇദ്ദേഹം തന്നെ. അറ്റ്ലാന്റയിൽത്തന്നെയുള്ള ജയിംസ് റ്റി. ശാമുവലാണ് സ്വർഗ്ഗീയധ്വനിയുടെ ഡയറക്ടർ ബോർഡ് ചെയർമാൻ. ഇരുവരും ഒരേസഭയിലെ അംഗങ്ങളുമാണ്. പക്ഷേ ഇവർ തമ്മിൽ അത്ര രസത്തിലല്ല. കാരണമെന്തെന്നു വ്യക്തമല്ലെങ്കിലും 'മാവോ മൂത്തത്, മാങ്ങാണ്ടിയോ മൂത്തത്' എന്ന സുപ്രധാന വിഷയമാണ് പ്രശ്നത്തിനു വഴിവച്ചതെന്നു കരുതാം. ജേണൽ ഫിലിപ്പ് പി. തോമസിനെതിരെ എഴുതാൻ തുടങ്ങിയപ്പോൾ ഫിലിപ്പ് പി.തോമസിന്റെ ബന്ധുവായ ജയിംസ് റ്റി. ശാമുവൽ രക്ഷയ്ക്കെത്തി. അങ്ങനെ ഒരേ സഭയിലെ അംഗങ്ങൾ തമ്മിലുള്ള പ്രശ്നമായി ഇതു വളർന്നിരിക്കയാണ്.

അടുത്ത കാലം വരെ ജേണലിന്റെ പ്രധാന എഴുത്തുകാരിൽ ഒരാളായിരുന്ന ജയ്സ് പാണ്ടനാട് ഇപ്പോൾ ജേണലിന്റെ പ്രഖ്യാപിത വിമർശകനായിരിക്കുന്നു എന്നതും ശ്രദ്ധേയമാണ്. ഈ ചുവടുമാറ്റത്തിന്റെ കാരണമെന്തെന്നു വ്യക്തമല്ല. എങ്കിലും ജേണലിൽ ജൂൺ 10ന് പ്രസിദ്ധീകരിച്ച ഒരു വാർത്തയാണു പ്രശ്നത്തിനു വഴിവച്ചതെന്നാണ് അറിയാൻ കഴിഞ്ഞത്.

പാമല സഭയുടെ നേതൃസ്ഥാനത്തുള്ളവരുടെ ആശീർവാദത്തോടെ ജയ്സ് പാണ്ടനാടിന് ചില മാസങ്ങൾക്കു മുമ്പ് മർദ്ദനമേറ്റിരുന്നു. സ്വർഗ്ഗീയധ്വനിയുടെ ചീഫ് എഡിറ്ററായ ഫിന്നി പി. മാത്യുവിനു മർദ്ദനമേറ്റ സംഭവത്തിലും പാമല സഭയ്ക്കു ബന്ധമുണ്ട് എന്നൊരു ആരോപണമുണ്ട്. അതുകൊണ്ട് പാമല സഭയുമായി ബന്ധപ്പെട്ട വാർത്തകളും പരസ്യങ്ങളും ബഹിഷ്ക്കരിക്കാൻ ജേണൽ ഉൾപ്പെടെയുള്ള കുറെ പെന്തക്കോസ്ത് പത്രങ്ങൾ തീരുമാനിക്കയുണ്ടായി. പക്ഷേ ജയ്സ് പാണ്ടനാട് ഡി.മിൻ പഠനത്തോടുള്ള ബന്ധത്തിൽ വിദേശത്തായിരുന്ന സമയത്ത് ജേണൽ പാമല സഭയുടെ ബൈബിൾ കോളേജിന്റെ ബിരുദദാനച്ചടങ്ങിന്റെ വാർത്ത ചിത്രം സഹിതം ഒന്നാം പേജിൽ പ്രസിദ്ധീകരിച്ചു. ഈ സംഭവത്തോടെയാണു ജയ്സ് പാണ്ടനാട് ജേണലുമായുള്ള ബന്ധം ഉപേക്ഷിച്ചതെന്ന് അറിയാൻ കഴിഞ്ഞു. കാരണം എന്തുതന്നെ ആയാലും ജയ്സ് ഇപ്പോൾ ജേണലിന്റെ കടുത്ത വിമർശകനാണ്.

ഫിലിപ്പ് പി.തോമസിന് അനുകൂലമായ ചേരി, ഫിലിപ്പ് പി വിരുദ്ധ ചേരി എന്നിങ്ങനെയാണ് ഇപ്പോഴുള്ള തിരിവ്. പക്ഷേ ഇതു ശാശ്വതമാണെന്നു പറയാൻ പറ്റില്ല. തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ കാലുമാറ്റവും കൂറുമാറ്റവും മറ്റും ഉണ്ടാകും. പ്രാണസ്നേഹിതർ പോലും അന്യോന്യം ഒറ്റിക്കൊടുക്കും. കസേരകൾക്കായി ഏതു ചെകുത്താനുമായും കൂട്ടുകൂടാൻ മഹാപരിശുദ്ധൻമാർ മടിക്കുകയില്ലെന്നുറപ്പ്. ഏതായാലും അടുത്ത ഒരു വർഷക്കാലം വാർത്തകൾക്കു പഞ്ഞമുണ്ടാകില്ല. ഡിഫെൻഡറിനു ജോലിയായി എന്നു പറഞ്ഞാൽ മതിയല്ലോ.

## ഏരിയ പുലിവാലായി



തൃക്കാക്കര ഏരിയയുടെ പാസ്റ്ററാകാൻ ബേബി വർഗീസ് നടത്തിയ ശ്രമം പുലിവാലായി. പ്രശ്നം മൂത്ത് കേസ്സായതോടെ കക്ഷി രാജി വച്ചു തടിതപ്പി. സംഭവം ചുരുക്കിപ്പറയാം:

പേര്, പെരുമ, അധികാരം തുടങ്ങിയവ നേടിയെടുക്കുന്നതിൽ അത്യന്തം താൽപര്യമുള്ള ആളാണു ബേബി വർഗീസ്. ഐ.പി.സിയുടെ ജനറൽ വൈസ് പ്രസിഡന്റാകാൻ വേണ്ടി ഇയാൾ പണം വാരിയെറിഞ്ഞ കഥ കുപ്രസിദ്ധമാണല്ലോ. വെറും വൈസ് പ്രസിഡന്റ് മാത്രം ആയാൽ പോരാ എന്ന് ഈയിടെ ഇയാൾക്കു തോന്നി. അങ്ങനെയിരിക്കുമ്പോഴാണ് തൃക്കാക്കര ഏരിയയ്ക്ക് പാസ്റ്ററില്ലെന്ന് അറിയുന്നത്. കാണേണ്ടവരെയൊക്കെ വേണ്ടപോലെ കണ്ടപ്പോൾ ബേബി വർഗീസിന് പാലാരിവട്ടത്തുള്ള ഒരു സഭ സഹിതം തൃക്കാക്കര ഏരിയ പതിച്ചു കിട്ടുകയും ചെയ്തു. പക്ഷേ പാലാരിവട്ടത്തുള്ളവർക്ക് ഇതൊന്നും അത്ര രസിച്ചില്ല. ബേബി വർഗീസിനും കൂട്ടർക്കും എതിരെ അവർ കേസ്സ് കൊടുത്തു. കളി കാര്യമായെന്ന് ഉറപ്പായതോടെ ബേബി വർഗീസ് തൃക്കാക്കര ഏരിയ ഉപേക്ഷിച്ച് ജീവനുംകൊണ്ടു കടന്നു.

# അപ്പോളജറ്റിക് കൗൺസിൽ മർഗയാ

അപ്പോളജറ്റിക് കൗൺസിൽ മർഗയാ, അതായത്, ചത്തു. എപ്പോൾ ചത്തു, എവിടെവച്ചു ചത്തു എന്നൊന്നും ചോദിക്കരുത്. കാരണം, അത്തരം വിശദാംശങ്ങളൊന്നും ലഭ്യമായിട്ടില്ല. എങ്കിലും ജനിച്ച് ഏതാനും ദിവസം കഴിയുംമുമ്പുതന്നെ ഈ പ്രസ്ഥാനം കാലഗതി പ്രാപിച്ചു എന്നതിനു സംശയമില്ല.

പെന്തക്കോസ്ത് സഭകളിൽ കടന്നുകൂടിയിരിക്കുന്ന ദുരുപദേശങ്ങൾ, ദുർവ്യാഖ്യാനങ്ങൾ തുടങ്ങിയവയ്ക്കെതിരെ പോരാടുക എന്നതായിരുന്നു അപ്പോളജറ്റിക് കൗൺസിലിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇത്തരം ഒരു കൗൺസിൽ പെന്തക്കോസ്തിൽ ആവശ്യമായിരുന്നു എന്നതിനും സംശയമില്ല. പക്ഷേ ഈ കൗൺസിൽ ഉണ്ടാക്കാൻ മുന്നിട്ടിറങ്ങിയവരിൽ ചിലരുടെ ഉദ്ദേശ്യം മറ്റു ചിലതൊക്കെയാണെന്നു പ്രാരംഭത്തിൽത്തന്നെ ആരോപണമുണ്ടായിരുന്നു. സഭാരാഷ്ട്രീയത്തിന്റെ ഭാഗമായി നടത്തുന്ന തറവേലകൾക്ക് ഒരു മറ എന്ന നിലയ്ക്ക് വിശ്വാസസംരക്ഷണം ഉപയോഗിക്കയാണെന്നത്രേ ആരോപണമുയർന്നത്. തികഞ്ഞ ഉദ്ദേശശുദ്ധിയോടെ ഈ സംരംഭത്തിൽ പങ്കുപറ്റിയവരും ഉണ്ടായിരുന്നു. പെന്തക്കോസ്തിൽ ഗുണകരമായ മാറ്റങ്ങൾക്ക് അപ്പോളജറ്റിക് കൗൺസിൽ കാരണമാകും എന്ന് മിക്കവരും കരുതി.

നന്നായി ആരംഭിച്ചതിലൂടെ പകുതി വിജയം നേടാൻ അപ്പോളജറ്റിക് കൗൺസിലിനു കഴിഞ്ഞു എന്നത് ഒരു വസ്തുതയാണ്. ദുഷ്പേരൊന്നും കേൾപ്പിക്കാതെ, മാനം മര്യാദയ്ക്കു ദൈവവേല ചെയ്യുന്ന നിരവധി ദൈവദാസൻമാർ ഈ സംരംഭത്തോടു സഹകരിക്കാൻ തയ്യാറായി. പ്രധാന പെന്തക്കോസ്ത് സഭകളിൽ പെട്ടവർ സഭാവ്യത്യാസം മറന്ന് സത്യവിശ്വാസം സംരക്ഷിക്കുന്നതിനുവേണ്ടി പോരാടാൻ തയ്യാറായി. അങ്ങനെ കാര്യങ്ങൾ നല്ല നിലക്ക് തുടങ്ങിയെങ്കിലും ഒരു ചുവടുപോലും മുൻപോട്ടു പോകാൻ കഴിഞ്ഞില്ല. എന്തുകൊണ്ട്?

ഐ.പി.സിയിലെ പൊളിറ്റിക്സിന്റെ ഭാഗമായാണ് ഈ പ്രസ്ഥാനത്തിനു രൂപം കൊടുത്തത് എന്ന വസ്തുത ഇതര സഭകളിൽപ്പെട്ടവർ അറിഞ്ഞില്ല. ഉപദേശത്തിലും ജീവിതത്തിലും അയഞ്ഞ സമീപനം സ്വീകരിക്കുന്ന ചില നേതാക്കൻമാർ ഐ.പി.സിയിലുണ്ട്. ഇത്തരക്കാർക്കെതിരെ പോരാടാൻ ഉപദേശസംരക്ഷണം എന്ന ആയുധമാണ് ഏറ്റവും അനുയോജ്യം എന്നു ചില വിരുതൻമാർ കണ്ടുപിടിച്ചു. ഐ.പി.സിക്കാരെ മാത്രം ഉൾപ്പെടുത്തി ഉപദേശസംരക്ഷണം നടത്തിയാൽ കള്ളി വെളിച്ചത്താകും. അതുകൊണ്ട് സഭാവ്യത്യാസമില്ലാതെ ഏവരുടെയും സഹകരണം ഉറപ്പാക്കി. കൗൺസിൽ രൂപീകരിച്ച് ഏറെ കഴിയും മുമ്പ് ഐ.പി.സിയിലെ ഉപദേശസംരക്ഷകർ ദുരുപദേശക്കാരുമായി അനൗപചാരികമായി സന്ധിചെയ്തു. അതോടെ അപ്പോളജറ്റിക് കൗൺസിൽ എന്നൊന്ന് ആവശ്യമില്ലെന്നു വരുകയും ചെയ്തു.

## പകൽക്കാലം

മ്യൂസിയത്തിൽ വയ്ക്കാൻ
എന്റെ വക.....
കഴിഞ്ഞ നാല്പതു കൊല്ലം
എനിക്കു സ്തോത്രക്കാഴ്ച
കിട്ടിയ **എടുക്കാത്ത**
നോട്ടുകൾ....




Websites: tsbalan.com tsbalan.org tsbalan.net Email: tsbalan@yahoo.com Ph: 0484-3232356 Mob: 9645077483

ദി ഡിഫെൻഡർ

Vol. No.14 Issue No.17 2011 September 1

# ഉള്ളതു പറയുമ്പോൾ കള്ളിക്കു തുള്ളൽ വരും

'സത്യം പറയണം, അതു പ്രിയമായി പറയണം, അപ്രിയ സത്യങ്ങൾ പറയരുത്' എന്നൊക്കെയാണു പ്രമാണം. പറയുന്നതു സത്യമായിരിക്കണം എന്ന കാര്യത്തിൽ ഡിഫെൻഡറിനു നിർബ്ബന്ധമുണ്ട്. പക്ഷേ സത്യം പ്രിയമായി പറയാൻ ശ്രമിക്കാറില്ല. ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ അപ്രിയ സത്യങ്ങൾ വിളിച്ചു പറയാറുമുണ്ട്. അതുകൊണ്ട് ഡിഫെൻഡർ പലരുടെയും കണ്ണിലെ കരടായി അവശേഷിക്കുന്നു. എങ്ങനെയെങ്കിലും ഡിഫെൻഡറിന്റെ വായ് അടപ്പിക്കാൻ അവർ ശ്രമിക്കുകയും ചെയ്യുന്നു.

സത്യത്തിന്റെ മുഖം എപ്പോഴും സുന്ദരമായിക്കൊള്ളണമെന്നില്ല. ദാവീദ് ഗുരുതരമായ പാപം ചെയ്തു എന്നതു സത്യമാണ്. അപ്രിയസത്യമാണെന്ന കാരണം പറഞ്ഞ് അതു മൂടിവയ്ക്കാൻ പ്രവാചകനു കഴിയുന്നതല്ല. യിസ്രായേല്യരെ കഷ്ടപ്പെടുത്തുന്നത് ഏലിയാവാണെന്ന് ആഹാബ് പ്രചരിപ്പിച്ചേക്കാം. പക്ഷേ നേതൃത്വം കാട്ടിക്കൂട്ടുന്ന തിൻമകളുടെ ഫലമാണ് യിസ്രായേല്യർ അനുഭവിക്കുന്നത് എന്നതാണു സത്യം. കൊല്ലിനും കൊലയ്ക്കും വരെ അധികാരമുള്ളവനായിരുന്നു ഹെരോദാവ്. പക്ഷേ അവൻ തെറ്റു ചെയ്തപ്പോൾ മൗനമായിരിക്കാൻ യോഹന്നാൻ സ്നാപകനു കഴിഞ്ഞില്ല. അപ്രിയസത്യം വിളിച്ചു പറഞ്ഞ യോഹന്നാന് സ്വന്തം തല നഷ്ടമായി. പരീശൻമാരുടെയും ശാസ്ത്രിമാരുടെയും പുരോഹിതൻമാരുടെയും കണ്ണിലെ കരടായി മാറിയ കർത്താവിന് മൂന്നര വർഷം ശുശ്രൂഷ ചെയ്യാൻ മാത്രമേ കഴിഞ്ഞുള്ളൂ.

ചരിത്രം ഇന്നും ആവർത്തിക്കുന്നു. കൺവൻഷൻ, മാസയോഗം, ഭാരവാഹിപ്പട്ടിക തുടങ്ങിയവ കുത്തിനിറച്ച് പത്രം ഇറക്കുന്ന പതിവു ശൈലി വിട്ട് ഡിഫെൻഡർ പ്രവർത്തനം തുടങ്ങിയതോടെ പലരുടെയും ഉറക്കം നഷ്ടമായി. ഡിഫെൻഡറിനെ നിലയ്ക്കു നിർത്താൻ അവർ സകല അടവുകളും പയറ്റി. കള്ളക്കേസ്സുകളുടെ പരമ്പരതന്നെ സൃഷ്ടിച്ചു. പക്ഷേ വ്യക്തമായ ഉദ്ദേശ്യലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ഡിഫെൻഡറിന്റെ വായ് മൂടിക്കെട്ടാൻ സാത്താനും അവന്റെ ദാസൻമാർക്കും നാളിതുവരെ കഴിഞ്ഞിട്ടില്ല.

ഉള്ളതു പറയുമ്പോൾ കള്ളിക്കു തുള്ളൽ വരും എന്ന് അറിയാതെയല്ല ഡിഫെൻഡർ മുമ്പോട്ടു പോകുന്നത്. പക്ഷേ കള്ളികളുടെ തുള്ളൽ കണ്ടു ഡിഫെൻഡർ ഭയപ്പെടുകയില്ല. എത്ര വലിയ കള്ളികൾ തുള്ളിയാലും ഡിഫെൻഡർ സത്യം പറയുകതന്നെ ചെയ്യും.

# സത്യം സത്യമായി

അണ്ണാ ഹസാരെയുടെ വിജയം സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ശ്രദ്ധേയമായ ഒരു ഏടായിരിക്കുമെന്നതിനു സംശയമില്ല. രണ്ടാഴ്ച നീണ്ടു നിന്ന സമരത്തിലൂടെ എല്ലാ രാഷ്ട്രീയ പാർട്ടികളെയും വരച്ച വരയിൽ നിർത്താൻ അദ്ദേഹത്തിനു സാധിച്ചു എന്നു മാത്രമല്ല സർക്കാർ ഉന്നയിച്ച സകല മുടന്തൻ ന്യായങ്ങളെയും സഹനസമരത്തിലൂടെ തകർക്കാനും കഴിഞ്ഞു. നട്ടെല്ലുള്ള മനുഷ്യർക്ക് ഇങ്ങനെ പലതും ചെയ്യാൻ കഴിയും. പേടിത്തൊണ്ടൻമാർ ഇതൊക്കെ നോക്കിനിന്നു കൊതിക്കട്ടെ.

ലോക്പാൽ നിയമം ഏട്ടിലെ പശുവാകുമോ എന്നതാണ് ഇനിയുള്ള പ്രധാന പ്രശ്നം. നല്ല ഉദ്ദേശ്യത്തോടെ നിർമ്മിച്ച പല നിയമങ്ങളും കടലാസ് പുലികളായിത്തീർന്ന ചരിത്രമാണുള്ളത്. അക്കൂട്ടത്തിൽ ഒന്നായി ലോക്പാൽ നിയമവും മാറാതിരിക്കട്ടെ എന്ന് ആശംസിക്കാം.

ലോക്പാൽ സമരം ഡൽഹിയിൽ പൊടിപൊടിക്കുമ്പോൾ തമിഴ്നാട്ടിൽ എം.എൽ.എമാർ ഓരോരുത്തരായി ജയിലിൽ ആയിക്കൊണ്ടിരിക്കുകയാണ്. ജയലളിത ഇത്ര കഠിനമായ നിലപാടെടുക്കുമെന്ന് ഡി.എം.കെ. നേതാക്കൾ കരുതിയില്ല. ശങ്കരാചാര്യൻമാരെ വരെ ഇരുമ്പഴിക്കുള്ളിലാക്കാൻ ധൈര്യം കാണിച്ച ആളാണു പുരട്ച്ചിത്തലൈവി എന്ന വസ്തുത ഇവർ മറക്കരുതായിരുന്നു. ഇനി പറഞ്ഞിട്ടു ഫലമില്ലല്ലോ.

വിചാരണക്കോടതിയെ സ്വാധീനിക്കാൻ ശങ്കരാചാര്യർ ശ്രമിച്ചു എന്നൊരു ആരോപണം ഉയർന്നിരിക്കുന്നു. സംഗതി സത്യമാണോ എന്നറിഞ്ഞുകൂടാ. ഏതായാലും ശങ്കരാചാര്യർ ഈ ആരോപണം നിഷേധിച്ചിട്ടുണ്ട്. എങ്കിലും വധശിക്ഷ വരെ ലഭിക്കാവുന്ന കുറ്റത്തിനു വിചാരണ ചെയ്യപ്പെടുന്ന പ്രതികളാണു കാഞ്ചി ശങ്കരാചാര്യൻമാർ എന്നതു ചെറിയ കാര്യമല്ല.

രാജീവ് ഗാന്ധി വധക്കേസ്സിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവരുടെ ദയാ ഹർജി രാഷ്ട്രപതി തള്ളിയതോടെ പ്രശ്നം ഗുരുതരമായിരിക്കയാണ്. സെപ്റ്റംബർ 9ന് വധശിക്ഷ നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു ജയിൽ അധികൃതർ. പക്ഷേ ശിക്ഷ നടപ്പിലാക്കുന്നത് എങ്ങനെയെങ്കിലും തടയാൻ പഴുതു തേടുകയാണ് മറുപക്ഷം. വിധി നടപ്പാക്കുന്നതു ഹൈക്കോടതി എട്ടാഴ്ചത്തേയ്ക്കു തടഞ്ഞുകഴിഞ്ഞു. ദയാ ഹർജി തള്ളപ്പെട്ട കേസ്സിൽപ്പോലും വധശിക്ഷ റദ്ദാക്കപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. സർക്കാരിന്റേമേൽ സമ്മർദ്ദം ചെലുത്താനുള്ള ശ്രമവും നടക്കുന്നുണ്ട്. അന്തിമ ഫലം എന്തായിരിക്കും എന്നു പറയാനാവില്ല.

അട്ടപ്പാടിയിലെ പാവങ്ങൾ കാറ്റാടിക്കമ്പനിയുമായി ലാഭം പങ്കിടുമത്രേ. കുരങ്ങൻ അപ്പം പകുത്തതുപോലെയാകും ഈ പരിപാടി എന്നു വിധിക്കാൻ സാമാന്യ ബുദ്ധി മതി. ആദിവാസികളുടെ ഭൂമി കയ്യേറിയും വ്യാജരേഖകൾ ചമച്ചു തട്ടിയെടുത്തുമാണ് കാറ്റാടികൾ സ്ഥാപിച്ചത്. അവർക്കു നഷ്ടമായ ഭൂമി തിരിച്ചു പിടിച്ചു നൽകുകയല്ലേ സർക്കാർ ചെയ്യേണ്ടത്? ഭൂമിയിൽ കാറ്റാടി വയ്ക്കണമോ കപ്പ നടണമോ എന്നൊക്കെ ഭൂമിയുടെ ഉടമസ്ഥരല്ലേ നിശ്ചയിക്കേണ്ടത്? പാവപ്പെട്ട ആദിവാസികളോട് എന്തും ആകാമെന്നാണു സർക്കാർ കരുതുന്നതെന്നു തോന്നുന്നു. ഏതായാലും ഭരണപക്ഷത്തുനിന്നുതന്നെ എതിർപ്പുണ്ടായിട്ടുണ്ട് എന്നത് ആശ്വാസകരമാണ്.

എല്ലാ ദിവസവും രണ്ടോ മൂന്നോ പീഡനകഥകളുമായാണ് പത്രങ്ങൾ എത്തുന്നത്. വിവാഹ വാഗ്ദാനം നൽകി പീഡിപ്പിക്കുക എന്നത് അനാദികാലം മുതൽ തന്നെ നിലവിലുള്ള കാര്യമാണ്. പക്ഷേ അപ്പൻ മകളെ വിൽക്കുന്നതും മൂന്നും നാലും വയസ്സുള്ള കുട്ടികൾ പീഡിപ്പിക്കപ്പെടുന്നതും അത്ര സാധാരണമായ സംഭവങ്ങളല്ല. സാക്ഷര കേരളത്തിൽ മാത്രമേ ഇത്ര ക്രൂരമായ സംഭവങ്ങൾ നടക്കുന്നുള്ളൂ എന്നുവേണം കരുതാൻ.

ലിബിയയിൽ ഗദ്ദാഫിയുഗം അവസാനിച്ചു. ചുരുക്കം ചില സ്ഥലങ്ങളിൽ ചെറുത്തുനിൽപ്പ് തുടരുന്നുണ്ടെങ്കിലും ഗദ്ദാഫിക്ക് ഇനി ഒരു മടങ്ങിവരവില്ല. ഏകാധിപധികളുടെയെല്ലാം പതനം ഈ വിധത്തിലായിരുന്നു. ചരിത്രം ആവർത്തിക്കുന്നു. ജനവികാരം അവഗണിച്ചുകൊണ്ട് ഒരു ഭരണകർത്താവിനും ഏറെക്കാലം അധികാരത്തിൽ തുടരാനാവില്ല.

അമേരിക്കയുടെ വാണിജ്യ തലസ്ഥാനമായ ന്യൂയോർക്കിലും സമീപ സംസ്ഥാനങ്ങളിലും വീശിയടിച്ച ഐറിൻ കൊടുങ്കാറ്റ് വ്യാപകമായ നാശം വിതച്ചു. നിരവധി സമ്പന്നർ നിമിഷങ്ങൾകൊണ്ടു പാപ്പരായി. ചിലർക്കു ജീവൻ തന്നെ നഷ്ടമായി. ലോകപോലീസായ അമേരിക്കപോലും പ്രകൃതിയുടെ താണ്ഡവം കണ്ടു പകച്ചു നിന്നു. മനുഷ്യന്റെ നിസ്സഹായതയാണ് ഇവിടെ വെളിവാകുന്നത്. ആകാശത്തോളം ഉയർന്നാലും നക്ഷത്രങ്ങളുടെ ഇടയിൽ കൂടുകൂട്ടിയാലും ദൈവകൃപകൂടാതെ മനുഷ്യനു നിലനിൽക്കാൻ പറ്റില്ലെന്നു വ്യക്തം.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിക്കുവാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവതന്നേ. അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞ്, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി. നിങ്ങളുടെ അനുസരണം തികഞ്ഞു വരുമ്പോൾ എല്ലാ അനുസരണക്കേടിനും പ്രതികാരം ചെയ്യുവാൻ ഒരുങ്ങിയുമിരിക്കുന്നു.

(2കൊരി.10:3-6)

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**tsbalan.org tsbalan.net**

ബൈബിൾ റേഡിയോ

**www.thebibleradio.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., എറണാകുളം.

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542

ഫോൺ: **0484-3232356. Mob: 9645077483**

**Local Calls from USA & Canada: (972)-213-1404**

# പാസ്റ്ററെ ഉയിർപ്പിക്കാൻ ചുമ്മാഡോ പ്രാർത്ഥിച്ചു



മരിച്ചവർ ഉയിർക്കുമോ? തീർച്ചയായും ഉയിർക്കും. വിശുദ്ധർ കർത്താവിന്റെ വരവിങ്കലും അശുദ്ധർ അന്ത്യ ന്യായവിധിക്കു മുമ്പും ഉയിർക്കും എന്നു ബൈബിൾ പറയുന്നു, ദൈവമക്കൾ അതു വിശ്വസിക്കുന്നു. കർത്താവു ലാസറിനെ ഉയിർപ്പിച്ചതുപോലെയുള്ള ഉയിർപ്പ് ഇന്നും സംഭവിക്കുമോ? സർവ്വശക്തനായ ദൈവത്തിന് അങ്ങനെ ചെയ്യാനും കഴിയും എന്നതിനു സംശയമില്ല. പക്ഷേ അത്യപൂർവ്വമായി മാത്രമേ ദൈവം അങ്ങനെ ചെയ്യാറുള്ളൂ. ഒന്നാം നൂറ്റാണ്ടിലും ഇത്തരം സംഭവങ്ങൾ വിരളമായി മാത്രമാണല്ലോ നടന്നത്.

എന്തിനാണ് ഈ കാര്യങ്ങളൊക്കെ ഇപ്പോൾ പറയുന്നത്? കാരണമുണ്ട്. മനോരമ പത്രത്തിന്റെ പത്തനംതിട്ട എഡിഷൻ – ആഗസ്റ്റ് 11ന് പാസ്റ്റർ വൈ.ജോജോമോന്റെ ചരമവാർത്ത ഫോട്ടോ സഹിതം പ്രസിദ്ധീകരിച്ചിരുന്നു. ഈ പാസ്റ്ററുടെ സംസ്ക്കാര ശുശ്രൂഷ ആഗസ്റ്റ് 13ന് തൃക്കണ്ണമംഗലിൽ (കൊട്ടാരക്കര) നടന്നു. ചുമ്മാഡോ ബാബു ജോർജ് (റാന്നി) ആയിരുന്നു ശുശ്രൂഷകൾക്കു നേതൃത്വം നൽകിയത്. വലിയ ജനക്കൂട്ടമുണ്ടായിരുന്നു. ജനത്തെ കണ്ടപ്പോൾ ചുമ്മാഡോയ്ക്ക് ഒരു മോഹം: ഒന്നു ഷൈൻ ചെയ്യണം. എങ്ങനെ? മരിച്ചു കിടക്കുന്ന പാസ്റ്ററെ ഉയിർപ്പിച്ചാൽ ശരിക്കും ഷൈൻ ചെയ്യാൻ കഴിയും. പക്ഷേ ഒരു പ്രശ്നമുണ്ട്: പാസ്റ്റർ ഉയിർത്തില്ലെങ്കിൽ നാണക്കേടാകും. അതിനും ഒരു പരിഹാരം കണ്ടൂ ഈ വിദ്വാൻ. മറ്റൊരു പാസ്റ്ററെക്കൊണ്ടു പ്രാർത്ഥിപ്പിക്കുക. ഉയിർത്താൽ ബാബു ജോർജിനു മഹത്വം. ഉയിർത്തില്ലെങ്കിലും ചുമ്മാഡോയ്ക്കു നാണക്കേടില്ല.

ശുശ്രൂഷകൾ അവസാനിച്ച് ശവം എടുക്കാറായപ്പോൾ ബാബു ജോർജ് പറഞ്ഞു: ''ദൈവം സർവ്വ ശക്തനാണ്. മരിച്ചവരെ ഉയിർപ്പിക്കാൻ കഴിവുള്ളവനാണ്. അതുകൊണ്ട് ഈ പാസ്റ്റർ ഇപ്പോൾ ഉയിർക്കാനായി നമുക്കു കൈകോർത്തു നിന്നു പ്രാർത്ഥിക്കാം.'' എല്ലാവരും കൈകോർത്തപ്പോൾ ബാബു ജോർജ് മറ്റൊരു എ.ജി. പാസ്റ്ററോടു പ്രാർത്ഥിക്കാൻ പറഞ്ഞു. സെക്രട്ടറിയദ്ദേഹത്തിന്റെ കല്പനയല്ലേ, അനുസരിക്കാതെ തരമില്ലല്ലോ. ആ പാവം പ്രാർത്ഥിച്ചു. എന്നിട്ടോ? എന്നിട്ടൊന്നുമില്ല. ശവസംസ്ക്കാരം നടത്തിയിട്ട് എല്ലാവരും സ്വന്തം വീടുകളിലേക്കു പോയി.

ബാബു ജോർജ് ആദ്യമായല്ല ഇത്തരം തോന്ന്യാസങ്ങൾ കാട്ടിക്കൂട്ടുന്നത്. വിവാഹം, ശവസംസ്ക്കാരം, കൺവൻഷൻ തുടങ്ങി ജനം കൂടുന്നിടത്തെല്ലാം ഈ ചങ്ങാതിയെത്തും എ.ജിയുടെ സെക്രട്ടറിയായതുകൊണ്ട് ശുശ്രൂഷിക്കാൻ സമയം ലഭിക്കുകയും ചെയ്യും. പിന്നെ എന്തു നടക്കുമെന്നു പറയാനാവില്ല. ശുദ്ധ വിവരക്കേടുകൾ വിളിച്ചു പറയാൻ ഇയാൾ ശങ്കിക്കാറില്ല. ഇത്തരത്തിലുള്ള ചില സംഭവങ്ങളെപ്പറ്റി ഡിഫെൻഡറിന്റെ മുൻലക്കങ്ങളിൽ വിവരിച്ചിട്ടുണ്ടല്ലോ. വിവരക്കേടിനു കൈയും കാലും വച്ചാൽ അതിനെ ബാബു ജോർജ് എന്നു വിളിക്കാം എന്നതാണ് ഇപ്പോഴുള്ള സ്ഥിതി.

അടിക്കുറിപ്പ്:

ചുമ്മാഡോ ബാബു ജോർജിനെ എത്രയും വേഗം ഊളമ്പാറയിൽ എത്തിക്കാൻ എ.ജി. നേതൃത്വം തയ്യാറാകണം.

# വരുന്നൂ പുതിയ ചാനൽ

പുതിയൊരു പെന്തക്കോസ്ത് ചാനൽ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നതായി ഡൽഹിയിൽ നിന്നു ലഭിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈ സംരംഭത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നവരെപ്പറ്റി ഡിഫെൻഡറിനു പൂർണ്ണ വിവരം ലഭിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ ആ രഹസ്യം വെളിപ്പെടുത്തുന്നില്ല.

സുവിശേഷം പ്രചരിപ്പിക്കാനുള്ള ചാനൽ എന്നു പറഞ്ഞു പണം പിരിച്ച് കെ.സി. ജോൺ ജനവഞ്ചന നടത്തിയതുപോലല്ല ഇത്. ചാനലിനുവേണ്ടി ആരോടും പണം പിരിക്കുന്നില്ല എന്നതാണ് പുതിയ ചാനലിന്റെ പ്രധാന സവിശേഷത. പെന്തക്കോസ്ത് ഉപദേശസത്യങ്ങൾ പ്രചരിപ്പിക്കാൻ ഇവർ ശ്രദ്ധിക്കുക കൂടി ചെയ്താൽ നന്നായിരിക്കും.

പുതിയൊരു ചാനൽ വരുന്നതായി മൂന്നു വർഷം മുമ്പ് ഡിഫെൻഡർ വാർത്ത പ്രസിദ്ധീകരിച്ചിരുന്നെങ്കിലും അവരുടെ പദ്ധതി എങ്ങുമെത്തിയിട്ടില്ല. പക്ഷേ ഈ നവീന പദ്ധതി അതിവേഗം പുരോഗമിക്കുന്നതിനാൽ നടപ്പിലാകുമെന്നു കരുതാം.

# ഈനാംപേച്ചിക്കു മരപ്പട്ടി കൂട്ട്

'കന്നു ചെന്നാൽ കന്നുംകൂട്ടത്തിൽ' എന്നൊരു ചൊല്ലുണ്ട്. കുപ്രസിദ്ധ കള്ളപ്രവാചകനായ സാമച്ചന്റെ കാര്യത്തിൽ ഈ ചൊല്ല് അക്ഷരം പ്രതി ശരിയാണ്. ആരെ കണ്ടാലും 'ദൈവം നിന്നെ ബില്ലി ഗ്രഹാമിനെപ്പോലെ ലോകമറിയുന്ന പ്രസംഗകനാക്കാൻ പോകുന്നു' എന്നു പ്രവചിച്ച് അഷ്ടിക്കുള്ള വഹ കണ്ടെത്തുന്ന വിരുതനാണ് സാമച്ചൻ. ഡാളസ്സിൽ ഇതുപോലൊരു കള്ളപ്രവാചകനുണ്ട്: അനിയൻ കുഞ്ഞ് പ്രവാചകൻ എന്ന പേരിലാണ് ഈ കള്ളൻ അറിയപ്പെടുന്നത്. ഏതു കള്ളപ്രവാചകൻ ഡാളസ്സിലെത്തിയാലും തുണയ്ക്ക് അനിയൻ കുഞ്ഞ് ഉണ്ടാകും. സാമച്ചന്റെ കാര്യത്തിലും ഇതുതന്നെ സ്ഥിതി.

ചാറ്റനൂഗയിലെ വി.പി.ഏബ്രഹാമിന്റെ മറ്റൊരു പതിപ്പാണ് അനിയൻകുഞ്ഞ്. ഇയാൾക്കു മനസ്സിൽ തോന്നുന്നതെല്ലാം ദൈവാലോചനയാണ്. 'ഇതാ വരുന്നൂ അനുഗ്രഹം' എന്നതാണ് പ്രവചനത്തിന്റെ രീതി. അനുഗ്രഹം വരുന്നൂ എന്നു കേൾക്കുമ്പോൾ മിക്കവർക്കും സന്തോഷം തോന്നുക സ്വാഭാവികം. ഇത്തരം പ്രവചനം നടത്തി ഇയാൾ ആയിരങ്ങളെ വഞ്ചിച്ചു. ഏതാനും വർഷം മുമ്പുവരെ പ്രോഗ്രാമിന്റെ ആധിക്യം നിമിത്തം ഇയാൾക്കു വീട്ടിലിരിക്കാൻ നേരമില്ലായിരുന്നു. പക്ഷേ കള്ളപ്രവചനത്തിന്റെ ട്രിക്ക് ഡിഫെൻഡറിലൂടെ അമേരിക്കൻ വിശ്വാസികൾ മനസ്സിലാക്കിയതോടെ പ്രവാചകൻമാർക്ക് അമേരിക്കയിൽ ഡിമാന്റില്ലാതായി. ഈ പ്രവാചകമാന്ദ്യം അനിയൻകുഞ്ഞിനെയും ബാധിച്ചു. അതോടെ അനിയൻകുഞ്ഞിന് ഒരു പുതിയ വെളിപ്പാടു കിട്ടി: ഇതാ ദൈവം സംസാരിക്കുന്നു – അനിയൻകുഞ്ഞേ, നീ കേരളത്തിലേക്കു പോകുക. ഹെവൻലി ഫീസ്റ്റിനെക്കാൾ വലിയൊരു സഭ നീ അവിടെ സ്ഥാപിക്കും. അങ്ങനെ അനിയൻ കുഞ്ഞ് കേരളത്തിലെത്തി. കുറെ ആളുകളെ തട്ടിക്കൂട്ടി സഭയുണ്ടാക്കുകയും ചെയ്തു. പക്ഷേ പരിപാടി വിജയിച്ചില്ല. ഏതാനും മാസങ്ങൾക്കകം സഭ തകർന്നു. ഉടൻ പുതിയ വെളി(ച്ച)പ്പാടുണ്ടായി: അനിയൻ കുഞ്ഞേ, നീ അമേരിക്കയിലേക്കു മടങ്ങുക. നിന്റെ ശുശ്രൂഷ അമേരിക്കയിലാണ്. അങ്ങനെ അനിയൻകുഞ്ഞ് മടങ്ങിയെത്തി. പക്ഷേ ആർക്കും അനിയൻകുഞ്ഞിന്റെ പ്രവചനം കേൾക്കാൻ താൽപര്യമില്ല. എന്തുചെയ്യും? ഒന്നേ ചെയ്യാനുള്ളൂ: ഒരു പുതിയ സഭ തുടങ്ങുക. ഉടൻ ഈ ചങ്ങാതി മറ്റു സഭകളിൽ നിന്നു ചിലരെ ചാക്കിട്ടു പിടിച്ചു 'ചവ' തുടങ്ങി. ഏതു പ്രവാചകൻ വന്നാലും വിളിച്ച് യോഗം വയ്ക്കും. ഈയിടെ സാമച്ചൻ ഡാളസ്സിലെത്തിയപ്പോഴും ഈ കള്ളനാണു സാമച്ചനു കഞ്ഞി വച്ചത്.

# സൗത്ത് ഈസ്റ്റ് ജനറൽ ബോഡി സെപ്റ്റംബർ 3ന്

ഐ.പി.സി. സൗത്ത് ഈസ്റ്റ് റീജിയന്റെ ജനറൽ ബോഡി സെപ്റ്റംബർ 3ന് നടത്താൻ നിശ്ചയിച്ച് നോട്ടീസ് അയച്ചു. സെപ്റ്റംബർ 2,3,4 തീയതികളിൽ നടക്കുന്ന റീജിയൻ കൺവൻഷനോടനുബന്ധിച്ചാണ് ജനറൽ ബോഡി നടക്കുക. കൗൺസിൽ പിരിച്ചുവിട്ട് പ്രസിഡന്റ് ഭരണം ഏർപ്പെടുത്തിയശേഷം നടക്കുന്ന ജനറൽ ബോഡി എന്ന നിലയ്ക്ക് ഇതിനു വലിയ പ്രാധാന്യമുണ്ട്.

ജൂലൈ 23ന് നടന്ന കൗൺസിൽ മീറ്റിംഗ് ബഹളത്തിൽ കലാശിച്ചതും പ്രസിഡന്റായ കെ.സി.ജോൺ സൗത്ത് ഈസ്റ്റ് കൗൺസിൽ പിരിച്ചുവിട്ടു പ്രസിഡന്റ് ഭരണം ഏർപ്പെടുത്തിയതും ഡിഫൻഡർ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. അതിനുശേഷം നടക്കുന്ന ജനറൽ ബോഡിയാകയാൽ ബഹളങ്ങളുണ്ടാകാൻ സാധ്യതയുണ്ട്. കൗൺസിൽ പിരിച്ചുവിട്ട നടപടി ഐ.പി.സിയുടെ ബൈലോയ്ക്കു വിരുദ്ധമാണ് എന്ന വസ്തുത ചൂണ്ടിക്കാട്ടി പ്രസിഡന്റിനെതിരെ പ്രതികരിക്കാൻ ചിലർ തയ്യാറെടുക്കുന്നുണ്ട്. മീറ്റിംഗ് നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ മീറ്റിംഗ് പിരിച്ചു വിടാമെന്നല്ലാതെ കൗൺസിൽ തന്നെ പിരിച്ചു വിടാൻ പ്രസിഡന്റിന് അധികാരമില്ല എന്നതാണു വാദം. അതുകൊണ്ട് കെ.സി.ജോൺ പ്രസിഡന്റ് സ്ഥാനം ഉപേക്ഷിക്കാൻ സാധ്യതയുണ്ട്. അങ്ങനെ സംഭവിച്ചാൽ പുതിയ പ്രസിഡന്റിനെയും ഇതര ഭാരവാഹികളെയും കണ്ടെത്തണം. കുപ്രസിദ്ധ തട്ടിപ്പു വീരനായ ജയിംസ് ജോർജിനെ പ്രസിഡന്റാക്കാൻ ചില നീചൻമാർ ചരടുവലി തുടങ്ങിക്കഴിഞ്ഞു. മറ്റു ഭാരവാഹികൾ ആരൊക്കെയെന്നു വ്യക്തമല്ല.

റീജിയൻ കൺവൻഷൻ തികഞ്ഞ ആത്മീയ അന്തരീക്ഷത്തിൽ നടക്കേണ്ടതാണ്. അതിനിടയ്ക്കു ജനറൽ ബോഡി നടത്തുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും എന്നു വാദിക്കുന്നവർ കുറവല്ല. ജനറൽ ബോഡിയിൽ പങ്കെടുത്തു ബഹളം കൂട്ടിയശേഷം തിരുവത്താഴം എടുക്കുന്നതെങ്ങനെ എന്നാണു ചിലർ ചോദിക്കുന്നത്. തിരുവത്താഴം എടുത്തിട്ടു ബഹളം കൂട്ടാമെന്നാണോ പറഞ്ഞുവരുന്നത് എന്ന ചോദ്യത്തിനു മറുപടിയില്ല.

സൗത്ത് ഈസ്റ്റ് റീജിയന്റെ ജനറൽ കൺവൻഷൻ നടത്തുന്നതിനെതിരെ ജോൺ ശാമുവൽ രംഗത്തു വന്നിട്ടുണ്ട്. പ്രശ്നം കോടതിയിലെത്തിയാൽ കൺവൻഷൻ തടഞ്ഞുകൊണ്ട് കോടതിയുത്തരവുണ്ടാകാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല.




## റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ ഇപ്പോൾ യു.എസ്.ബി. ഡ്രൈവിലും




റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ ഇപ്പോൾ യു.എസ്.ബി. ഡ്രൈവിലും ലഭിക്കും. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (100 മണിക്കൂർ), പുതിയനിയമത്തിൽ നിന്ന് നൂറു പ്രസംഗങ്ങൾ (100 മണിക്കൂർ) എന്നിവ (ആകെ 200 മണിക്കൂർ) ഒരു യു.എസ്.ബി. ഡ്രൈവിൽ ലഭിക്കുന്നു. വിലയിൽ മാറ്റമില്ല, അതായത് ഇന്ത്യയിൽ 1800 രൂപ. വിദേശത്ത് 100 ഡോളർ. ഇന്ത്യയിലും വിദേശത്തും പോസ്റ്റേജ് സൗജന്യം. ലൈബ്രറി ഓഫ് തിയോളജിയും (10 സി.ഡികൾ) ഇപ്പോൾ യു.എസ്.ബി ഡ്രൈവിൽ ലഭിക്കുന്നതാണ്. പി.ഡി.എഫ്. ഫോർമാറ്റിൽ അയ്യായിരത്തിലധികം ഇംഗ്ലീഷ് പുസ്തകങ്ങളും ലേഖനങ്ങളും അടങ്ങിയ ഈ സെറ്റിന് 900 രൂപയാണു വില. വിദേശത്ത് 50 ഡോളർ. പോസ്റ്റേജ് സൗജന്യം.

പ്രത്യേകം ശ്രദ്ധിക്കുക: യു.എസ്.ബിയിലുള്ള പ്രസംഗങ്ങളും മറ്റും കമ്പ്യൂട്ടറിൽ മാത്രമേ ഉപയോഗിക്കാൻ പറ്റൂ. ലാപ്ടോപ് ഇപ്പോൾ നിത്യജീവിതത്തിന്റെ ഭാഗമായതുകൊണ്ട് യു.എസ്.ബി ഡ്രൈവിലുള്ള പ്രസംഗങ്ങളും പുസ്തകങ്ങളും സൗകര്യപ്രദമാകും.

# ഐറിൻ ന്യായവിധിയാണെന്നോ?

ഐറിൻ ചുഴലിക്കാറ്റ് അമേരിക്കയിലും സമീപ സംസ്ഥാനങ്ങളിലും നാശം വിതച്ചു. നാശനഷ്ടങ്ങളുടെ കൃത്യമായ കണക്ക് അറിവായിട്ടില്ല. എങ്കിലും സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന അമേരിക്കയ്ക്ക് ഇതു കൂനിൽമേൽ കുരുവാകും എന്നതിനു സംശയമില്ല.

എന്തെങ്കിലും ഒരു പ്രകൃതിദുരന്തം ഉണ്ടാകുമ്പോൾ അത് ദൈവകോപത്തിന്റെ ഫലമാണ് എന്നു വ്യാഖ്യാനിക്കുന്നവർ നിരവധിയുണ്ട്. ദൈവവചനം വസ്തുനിഷ്ഠമായി പഠിക്കാത്തതുകൊണ്ടുള്ള പ്രശ്നമാണിത്. ഇത്തരം ദുർവ്യാഖ്യാനങ്ങൾ ഇത്തവണയും ഉണ്ടാകാൻ ഇടയുണ്ട് എന്നതിനാൽ ഈ വിഷയത്തെക്കുറിച്ച് തിരുവചന വെളിച്ചത്തിൽ ഒരു വിലയിരുത്തൽ നടത്താം.

പഴയനിയമവും പുതിയനിയമവും തമ്മിലുള്ള വ്യത്യാസം ഭൂരിപക്ഷം ദൈവമക്കൾക്കും അറിഞ്ഞുകൂടാ എന്നത് ഒരു ദു:ഖസത്യമായി അവശേഷിക്കുന്നു. പെന്തക്കോസ്ത് സഭകളിൽ പുതിയനിയമത്തെക്കാളധികം പഴയനിയമമാണു പ്രസംഗിക്കപ്പെടുന്നത് എന്നതും ഒരു വസ്തുതയാണ്. അതുകൊണ്ടാണു പ്രകൃതിദുരന്തങ്ങളെ ന്യായവിധിയുടെ ഭാഗമായി വ്യാഖ്യാനിക്കാൻ ഇടയാകുന്നത്.

ദൈവം പഴയനിയമകാലത്തു ജാതി, ഗോത്രം, രാജ്യം തുടങ്ങിയവയെ അടിസ്ഥാനമാക്കി ഇടപെട്ടിരുന്നു എന്നതു ശരിയാണ്. യിസ്രായേല്യരെ ദൈവം സ്വന്ത ജനമായി സ്വീകരിച്ചിരുന്നു എന്നു ബൈബിൾ പഠിച്ചാൽ മനസ്സിലാകും. പഴയനിയമ കാലത്തും ദൈവം വ്യക്തികളോട് ഇടപെട്ടിരുന്നെങ്കിലും ജനവർഗ്ഗമെന്ന പരിഗണനക്ക് പ്രാമുഖ്യം നൽകിയിരുന്നു. മാത്രമല്ല, പഴയനിയമം അക്ഷരത്തിന്റെ പ്രമാണമാണ്. അതു കൊല്ലുന്ന പ്രമാണമാണ്, മരണത്തിന്റെ പ്രമാണമാണ്. അതുകൊണ്ട് ദയകൂടാതെ ശിക്ഷിക്കുന്ന ഒരു ദൈവത്തെയാണ് പഴയനിയമത്തിൽ പൊതുവെ കാണുന്നത്.

ഇതല്ല പുതിയനിയമത്തിലെ സ്ഥിതി. കൃപയും സത്യവും യേശുക്രിസ്തു മുഖാന്തിരം വന്നു. ഇതു കൃപയുടെ കാലമാണ്. 'അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിച്ച് ദൈവമക്കളാകാനുള്ള അവകാശം' ദൈവം എല്ലാ ജാതികൾക്കും കൊടുത്തിരിക്കയാണ്. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് നിത്യജീവൻ അവകാശമാക്കിയവരെല്ലാം ദൈവമക്കളാണ്. ഇപ്രകാരം രക്ഷാനിർണ്ണയം പ്രാപിക്കാത്തവരെല്ലാം സാത്താന്റെ മക്കളുമാണ്. അമേരിക്കൻ പൗരനായതുകൊണ്ടു മാത്രം ഒരാൾ ദൈവപൈതലാകുന്നില്ല എന്നു ചുരുക്കം. അമേരിക്കക്കാരോട് ദൈവത്തിനു വിശേഷിച്ച് സ്നേഹമോ വിരോധമോ ഇല്ല.

ദൈവം ഇക്കാലത്ത് ഒരു രാജ്യത്തോടും വിശേഷിച്ചു സ്നേഹമോ വിദ്വേഷമോ കാണിക്കുന്നില്ല. രാജ്യങ്ങളോടല്ല വ്യക്തികളോടാണ് ദൈവം ഇപ്പോൾ ഇടപെടുന്നത്. ദൈവത്തിന്റെ ജനം എന്നു വിളിക്കപ്പെടുന്ന യിസ്രായേൽ പോലും ഈ യുഗത്തിൽ ഇതര രാജ്യം പോലെ ഒരു രാജ്യം മാത്രമാണ്. എതിർക്രിസ്തുവിന്റെ ഭരണകാലത്ത് യിസ്രായേൽ ഒരു രാഷ്ട്രം എന്ന നിലയ്ക്ക് ഉണ്ടായിരിക്കേണ്ടത് ആവശ്യമാകയാൽ അവർക്ക് തങ്ങളുടെ രാജ്യം തിരികെ ലഭിക്കാനുള്ള വഴി ദൈവം ഒരുക്കി എന്നുമാത്രം. യഹൂദനായാലും യവനനായാലും നിത്യജീവൻ പ്രാപിക്കാൻ യേശുവിൽ വിശ്വസിച്ചേ മതിയാകൂ. യേശുവിൽ വിശ്വസിക്കാത്ത യഹൂദർ ദൈവമക്കളല്ല.

അമേരിക്ക ദൈവത്തിന്റെ സ്വന്തം രാജ്യമാണെന്നും അമേരിക്കയിലുണ്ടായിരിക്കുന്ന സാമ്പത്തിക ഉയർച്ച ദൈവാനുഗ്രഹത്തിന്റെ ഭാഗമാണെന്നും മറ്റും ധരിച്ചു വച്ചിരിക്കുന്നവർ നിരവധിയുണ്ട്. സാമ്പത്തിക ഉയർച്ചയും ദൈവപ്രസാദവും തമ്മിൽ ബന്ധമൊന്നുമില്ല. ജാതിയും മതവും സാമ്പത്തിക ഉന്നമനത്തിനു മാനദണ്ഡമല്ല എന്നതിന് അറബിനാടുകൾ തന്നെ തെളിവ്.

ഒബാമ അന്യദൈവങ്ങളെ സേവിക്കുന്നതുകൊണ്ടാണ് അമേരിക്കയിൽ ഈ കുഴപ്പങ്ങളൊക്കെയുണ്ടാകുന്നത് എന്നു വ്യാഖ്യാനിക്കുന്നവരുമുണ്ട്. ശുദ്ധ വിവരക്കേട് എന്നല്ലാതെ എന്തു പറയാൻ. ഒബാമയുടെ ആത്മീയ നിലവാരം എന്തുതന്നെ ആയാലും അത് ഒബാമയെ മാത്രമേ ബാധിക്കൂ, അമേരിക്കയെ ബാധിക്കുകയില്ല. മാത്രമല്ല ഒരു വ്യക്തിയുടെ ആത്മീയതയും അയാളുടെ സാമ്പത്തിക സ്ഥിതിയും തമ്മിൽ ബന്ധവുമില്ല.

ദുരന്തങ്ങളുണ്ടാകുമ്പോൾ എല്ലാവരും ലൂക്കോ. 13:1-5 വായിക്കണം: ''ആ സമയത്തു തന്നേ അവിടെ ഉണ്ടായിരുന്ന ചിലർ; പീലാത്തൊസ് ചില ഗലീലക്കാരുടെ ചോര അവരുടെ യാഗങ്ങളോടു കലർത്തിയ വർത്തമാനം അവനോട് അറിയിച്ചു. അതിന് അവൻ ഉത്തരം പറഞ്ഞത്: ആ ഗലീലക്കാർ ഇത് അനുഭവിക്കുകയാൽ എല്ലാ ഗലീലക്കാരിലും പാപികൾ ആയിരുന്നു എന്നു നിങ്ങൾക്കു തോന്നുന്നുവോ? അല്ലല്ല, മാനസാന്തരപ്പെടാതിരുന്നാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നേ നശിച്ചുപോകും എന്നു ഞാൻ നിങ്ങളോടു പറയുന്നു. അല്ല, ശീലോഹാമിലെ ഗോപുരം വീണു മരിച്ചുപോയ ആ പതിനെട്ടുപേർ യെരൂശലേമിൽ പാർക്കുന്ന സകല മനുഷ്യരിലും കുറ്റക്കാർ ആയിരുന്നു എന്നു തോന്നുന്നുവോ? അല്ലല്ല, മാനസാന്തരപ്പെടാതിരുന്നാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നേ നശിച്ചുപോകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.'' ഐറീൻ ചുഴലിക്കാറ്റിന്റെ കാര്യത്തിൽ സംഭവിച്ചതും ഇതൊക്കെത്തന്നെ.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** പുറ.4:24-26 പലവട്ടം വായിച്ചിട്ടും ശരിയായ അർത്ഥം മനസ്സിലാകുന്നില്ല. ദയവായി വിശദീകരിക്കണം.

■ ആദ്യമായി ആ വാക്യങ്ങൾ ഉദ്ധരിക്കാം: ''എന്നാൽ വഴിയിൽ സത്രത്തിൽവച്ചു യഹോവ അവനെ എതിരിട്ടു കൊല്ലുവാൻ ഭാവിച്ചു. അപ്പോൾ സിപ്പോരാ ഒരു കല്ക്കത്തി എടുത്തു തന്റെ മകന്റെ അഗ്രചർമ്മം ഛേദിച്ച് അവന്റെ കാല്ക്കൽ ഇട്ടു: നീ എനിക്കു രക്തമണവാളൻ എന്നു പറഞ്ഞു. ഇങ്ങനെ അവൻ അവനെ വിട്ടൊഴിഞ്ഞു; ആ സമയത്താകുന്നു അവൾ പരിച്ഛേദന നിമിത്തം രക്തമണവാളൻ എന്നു പറഞ്ഞത്.'' ദൈവകല്പന അനുസരിച്ചു മോശെ യിസ്രായേൽ ജനങ്ങളെ വിടുവിക്കാനായി മിസ്രയീമിലേക്കു സകുടുംബം മടങ്ങുന്നതിനിടയിൽ നടന്നതാണ് ഈ സംഭവം. അതുകൊണ്ടാണ് ഇത് ഏറെ സംശയകരമാകുന്നത്.

എന്താണ് ഇവിടെ സംഭവിക്കുന്നത്? മോശെയും കുടുംബവും ഒരു സത്രത്തിൽ വിശ്രമിക്കുന്ന സമയത്ത് ദൈവം മോശെയെ കൊല്ലുവാൻ ഭാവിക്കുന്നു. എന്താണു പരിഹാരമാർഗ്ഗമെന്നു മോശെയുടെ ഭാര്യയായ സിപ്പോരക്കു നിശ്ചയമുണ്ടായിരുന്നു. അങ്ങനെ അവൾ മൂർച്ചയുള്ള ഒരു കല്ല് ഉപയോഗിച്ച് തന്റെ പുത്രന്റെ അഗ്രചർമ്മം ഛേദിച്ച് മോശെയുടെ കാൽക്കൽ ഇട്ടു. അതോടെ ദൈവകോപം ശമിച്ചു.

ഈ വാക്യങ്ങൾക്കു മുമ്പും ശേഷവുമുള്ള ഭാഗങ്ങളുമായി കാര്യമായ ബന്ധമൊന്നും ഈ മൂന്നു വാക്യങ്ങൾക്കില്ല. അതുകൊണ്ട് ഈ ഭാഗം പിൽക്കാലത്ത് ആരോ കൂട്ടിച്ചേർത്തതാണ് എന്നൊരു വാദമുണ്ട്. ആ വാദം നമുക്ക് അവഗണിക്കാം.

25-ാം വാക്യത്തിലെ 'അവൻ' ആര്? മോശെയോ ദൈവമോ? ദൈവമാണെങ്കിൽ ദൈവം അക്ഷരാർത്ഥത്തിൽ അവിടെ എത്തിയോ? ഒരു ദൈവദൂതൻ മാത്രമാണ് അവിടെ പ്രത്യക്ഷനായത് എന്ന് അനുമാനിക്കാം. എങ്കിലും അഗ്രചർമ്മം ദൂതന്റെ കാൽക്കലാണോ അതോ മോശെയുടെ കാൽക്കലാണോ ഇട്ടതെന്നു മൂലഭാഷയിൽ വ്യക്തമായി പറയുന്നില്ല എന്നതാണു സത്യം.

യഹോവയായ ദൈവം എന്തുകൊണ്ടു മോശെയെ കൊല്ലാൻ ശ്രമിച്ചു? ഈ ചോദ്യത്തിന് തൃപ്തികരമായ ഒരു ഉത്തരം പറയാൻ ബുദ്ധിമുട്ടാണ്. എങ്കിലും ദൈവവചനവുമായി ഏറെക്കുറെ പൊരുത്തപ്പെടുന്ന ഒരു വ്യാഖ്യാനം പറയാം. ആദ്യമായി ഉല്പ. 17:14 വായിക്കുക: ''അഗ്രചർമ്മിയായ പുരുഷപ്രജയെ, പരിച്ഛേദനയേൽക്കാതിരുന്നാൽ ജനത്തിൽ നിന്നു ഛേദിച്ചു കളയണം; അവൻ എന്റെ നിയമം ലംഘിച്ചിരിക്കുന്നു.'' ദൈവം അബ്രഹാമിനും അവന്റെ സന്തതിക്കും ശാശ്വത നിയമമായി കൊടുത്ത കല്പനയാണിത്. ഈ നിയമം ലംഘിക്കാൻ മോശെക്കും അധികാരമില്ല. മോശെയുടെ ഭാര്യയായ സിപ്പോര മിദ്യാന്യസ്ത്രീ ആയിരുന്നു എന്നു നമുക്കറിയാം. പരിഛേദന എന്ന ആചാരം മിദ്യാന്യരുടെയിടയിലില്ല. അതുകൊണ്ട് മോശെയുടെ മക്കളും പരിഛേദന ഏറ്റിരിക്കാൻ ഇടയില്ല. പരിഛേദനക്കാരായ യിസ്രായേൽ ജനങ്ങളെ മിസ്രയീമിൽ നിന്നു രക്ഷിക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന മോശെക്ക് സ്വന്തം കുടുംബത്തിൽ ദൈവത്തിന്റെ നിയമം നടപ്പാക്കാൻ കഴിഞ്ഞില്ല. മോശെയുടെ അമ്മായപ്പനായ യിത്രോവിന്റെ സ്വാധീനം മൂലം സിപ്പോര കുഞ്ഞുങ്ങളെ പരിഛേദന കഴിക്കുന്നതിനു തടസ്സമായി നിന്നിരിക്കാം. കുടുംബകലഹം ഒഴിവാക്കാൻ മോശെ തന്റെ ഭാര്യയുടെ പിടിവാശിക്കു കീഴങ്ങുകയും ചെയ്തു. (ഇതൊക്കെ ഊഹങ്ങൾ മാത്രമാണ്.)

ആരൊക്കെ തടസ്സം നിന്നാലും ദൈവകല്പന അനുസരിക്കേണ്ടതാണ്. ദൈവത്തിനു മുഖപക്ഷമില്ല. ദൈവകല്പന ലംഘിക്കുന്നതു മോശെയാണെങ്കിലും ശിക്ഷ അനുഭവിക്കണം. അതുകൊണ്ട് ദൈവം മോശെയെ വധിക്കാനായി തന്റെ ദൂതനെ അയച്ചു. ദൈവദൂതൻ മോശെയെ കൊല്ലാൻ ഭാവിക്കുന്നതു കണ്ടപ്പോൾ സിപ്പോരക്കു കാരണം പിടികിട്ടി. പരിഛേദന എന്ന നിയമത്തിന്റെ പ്രാധാന്യം സിപ്പോര മോശെയിൽ നിന്നു ഗ്രഹിച്ചിരിക്കാം. മോശെയെ രക്ഷിക്കാൻ മകനെ പരിഛേദന കഴിക്കുക മാത്രമാണു പോംവഴി എന്നു സിപ്പോര മനസ്സിലാക്കി. അങ്ങനെ അവൾ സമയോചിതമായി പ്രവർത്തിച്ചു. അതുകൊണ്ടു ദൈവകോപം ശമിച്ചു.

കല്ക്കത്തി എന്നു തർജ്ജമ ചെയ്തിരിക്കുന്നത് tsore എന്ന എബ്രായ വാക്കാണ്. മൂർച്ചയുള്ള കല്ല് എന്നാണ് ഈ വാക്കിന്റെ അർത്ഥം. അക്കാലത്ത് പരിഛേദന നടത്താൻ കൽക്കത്തികൾ ഉപയോഗിച്ചിരുന്നു എന്ന് അനുമാനിക്കാം.

രക്തമണവാളൻ എന്നു തർജ്ജമ ചെയ്തിരിക്കുന്നത് daum khaw-thaum എന്ന എബ്രായ വാക്കുകളാണ്. bride-groom of blood എന്ന് ഇംഗ്ലീഷിൽ പറയാം. പക്ഷേ എന്താണ് ഇവിടെ അർത്ഥമാക്കുന്നത്? വ്യക്തമായ ഉത്തരമില്ല. സിപ്പോറ കോപത്തോടെ പറഞ്ഞ വാക്കുകളാണിവ എന്ന് ഊഹിക്കാം. ആരോടാണ് അവൾ കോപിക്കുന്നത്? മോശെയോടോ? അതോ ദൈവത്തോടോ?

രക്ഷയെ ബാധിക്കുന്നത്ര ഗൗരവമുള്ള ഉപദേശവിഷയങ്ങളൊന്നും ഇവിടെയില്ല. അതുകൊണ്ട് ഈ വാക്യങ്ങളുടെ അർത്ഥം കണ്ടെത്താൻ സമയം കളയാതിരിക്കുകയാണു ബുദ്ധി.

# അടിസ്ഥാന വേദോപദേശങ്ങൾ

'ഡിഫെൻഡർ വിശ്വസിക്കുന്നു' എന്ന പേരിൽ ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചുവന്ന ലേഖന പരമ്പരയുടെ സമാഹാരമാണ് ഈ പുസ്തകം എന്നു പറയാം. എങ്കിലും ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. കൂടാതെ സംശയങ്ങൾക്കു മറുപടി പറയുകയും ചെയ്തു. ഈ പുസ്തകത്തിന്റെ പി.ഡി.എഫ്. പതിപ്പ് ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ നിന്നു സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

തികച്ചും ലളിതമായ ഭാഷയിൽ രചിക്കപ്പെട്ടിരിക്കുന്ന ഈ പുസ്തകം രക്ഷിക്കപ്പെട്ടവർക്കും രക്ഷിക്കപ്പെടാത്തവർക്കും ഒന്നു പോലെ പ്രയോജനം ചെയ്യുന്നതാണ്. അതുകൊണ്ട് കൂടുതൽ കോപ്പികൾ വാങ്ങി ബന്ധുമിത്രാദികൾക്കു സമ്മാനമായി നൽകാവുന്നതാണ്.

വില - ഒരു കോപ്പി - 30 രൂപ
(പോസ്റ്റേജ് - 20 രൂപ)
കൂടുതൽ വിവരങ്ങൾ അടുത്ത പേജിൽ (പേജ്-5) വായിക്കുക.
**Phone: 0484-3232356.**

# ലൈബ്രറി ഓഫ് തിയോളജി

വേദവിദ്യാർത്ഥികളുടെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ് ഈ സി.ഡികൾ. അതുകൊണ്ടാണ് ലൈബ്രറി ഓഫ് തിയോളജി എന്നു പേരിട്ടിരിക്കുന്നത്. പുസ്തകങ്ങളെ 10 ഇനങ്ങളായി തരം തിരിച്ചിരിക്കുന്നു. 1. പഴയനിയമം. 2. പുതിയനിയമം. 3. തിയോളജി. 4. എത്തിക്സ്. 5. ഹിസ്റ്ററി. 6. റിലീജിയൻസ്. 7. മിനിസ്ട്രി. 8. കൾട്ടും ഒക്കൾട്ടും. 9. ജീവചരിത്രങ്ങളും ആത്മകഥകളും. 10. പലവക. പത്തു ലക്ഷത്തിലധികം രൂപ വിലവരുന്ന പുസ്തകങ്ങളും അത്യപൂർവ്വ ഗ്രന്ഥങ്ങളും ഈ ഡിജിറ്റൽ ലൈബ്രറിയിലുണ്ട്. ചില സാമ്പിളുകൾ:

ജോസീഫസിന്റെ സമ്പൂർണ്ണ കൃതികൾ, ബൈബിളിലെ ഓരോ പുസ്തകത്തിന്റേയും വ്യാഖ്യാനങ്ങൾ, തൽമൂദുകൾ, ചാവുകടൽ ചുരുളുകൾ, വിവിധ ഡിക്ഷ്ണറികൾ, ഹാനോക്കിന്റെ പുസ്തകം ഉൾപ്പെടെയുള്ള അത്യപൂർവ്വ അപ്പോക്രിഫൽ പുസ്തകങ്ങൾ, പ്രശസ്ത ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ, സോക്രട്ടീസ്-പ്ലേറ്റോ-അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ പുസ്തകങ്ങൾ, അപൂർവ്വ ചരിത്ര പുസ്തകങ്ങൾ, വേദങ്ങൾ, ഖുറാൻ, ത്രിപിടിക, സെന്റ് അവസ്ത, സാത്താനിക് ബൈബിൾ, പ്രാചീന നിഗൂഢ മതങ്ങളെ സംബന്ധിക്കുന്ന പുസ്തകങ്ങൾ, മൊർമോൺ പുസ്തകം, കൾട്ടുകളുടെ ആധികാരിക ഗ്രന്ഥങ്ങൾ, ഒക്കൾട്ടുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങൾ, പ്രശസ്തരുടെ ജീവചരിത്രങ്ങൾ, ആത്മകഥകൾ ..... ദൈവശാസ്ത്രം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥങ്ങൾ ഒഴിവാക്കാനാവില്ല.

പത്തു സി.ഡികളിലുള്ള ഈ പുസ്തകങ്ങൾ മുഴുവൻ ഒരു യു.എസ്.ബി. ഡ്രൈവിൽ ആക്കിയിട്ടുണ്ട്. പി.ഡി.എഫ് ഫോർമാറ്റിലുള്ള ഈ പുസ്തകങ്ങൾ കമ്പ്യൂട്ടർ ഉപയോഗിച്ചു മാത്രമേ വായിക്കാൻ കഴിയൂ. അതുകൊണ്ട് യു.എസ്.ബി വാങ്ങുന്നതാണു നല്ലത്. സി.ഡിക്കും യു.എസ്.ബിക്കും ഇന്ത്യയിൽ വിലവ്യത്യാസവുമില്ല. മാത്രമല്ല, സി.ഡി. വിദേശത്തേക്ക് അയയ്ക്കുന്നതുമല്ല.

വില: ഇന്ത്യയിൽ - 900 രൂപ.
വിദേശം: 50 ഡോളർ
പോസ്റ്റേജ് സൗജന്യം.
(വിലാസം 5-ാം പേജിൽ)
ഗൾഫിലുള്ളവർ ഇന്ത്യയിലെ വിലാസം അറിയിക്കുക.

# അദൃശ്യലോകത്തെ അത്ഭുതജീവികൾ

ബാബേൽ ഗോപുരത്തിന്റെ നിർമ്മിതിയും അനന്തര സംഭവങ്ങളുമാണ് നാം പഠനവിധേയമാക്കിക്കൊണ്ടിരുന്നത്. ജലപ്രളത്താൻ ഭൂമിയെ നശിപ്പിക്കയില്ല എന്ന ദൈവിക വാഗ്ദത്തം മനുഷ്യൻ അവിശ്വസിക്കുകയും ജലപ്രളയമുണ്ടായാൽ രക്ഷപ്പെടാനായി ആകാശത്തോളമെത്തുന്ന ഗോപുരം പണിയുകയും ചെയ്തു. ഭൂമിയിൽ നിറയുവാനുള്ള കല്പന ലംഘിച്ചുകൊണ്ട് മനുഷ്യർ ശിനാർ സമഭൂമിയിൽ ഒന്നുചേർന്നു. തങ്ങൾ ചിതറിപ്പോകാതിരിക്കാൻ ഒരു കോട്ട പണിയുവാൻ അവർ പദ്ധതിയിട്ടു. ഇവയെല്ലാം ദൈവിക പദ്ധതിക്ക് എതിരായിരുന്നു. മനുഷ്യകുലത്തെ സാത്താന്റെ സ്വാധീനവലയത്തിൽ നിന്നു രക്ഷിക്കാനായി ദൈവം ഒരുക്കിയ കാര്യപടിപാടികളായിരുന്നു ഇവയൊക്കെ. പക്ഷേ സാത്താൻ നിമ്രോദിലൂടെ ജനത്തെ വശീകരിക്കുകയും ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു.

നിമ്രോദ് നായാട്ടു വീരനായിരുന്നു എന്നു ബൈബിൾ പറയുന്നു. ദൈവികമായ സിദ്ധികളുള്ളവനാണു നിമ്രോദ് എന്നു ജനം തെറ്റിദ്ധരിച്ചു. അവനെ ദൈവത്തെപ്പോലെ ആരാധിക്കാൻ പോലും അവർ തയ്യാറായി. രാജാക്കൻമാരെ ദൈവതുല്യരായി പരിഗണിക്കുന്ന രീതി ലോകമെമ്പാടും നിലനിന്നിരുന്നു. ഇന്ത്യയിലെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല എന്നു നമുക്കറിയാം.

നിമ്രോദ് ദൈവപുത്രനാണെങ്കിൽ നിമ്രോദിന്റെ ഭാര്യ ദേവിയാകാതെ തരമില്ലല്ലോ. സെമിറാമീസ്, ഇഷ്ടാർ, അശ്ശേര എന്നൊക്കെയുള്ള പേരുകളിൽ അറിയപ്പെടുന്ന ദേവി നിമ്രോദിന്റെ ഭാര്യയാണ്. ലോകമെമ്പാടുമുള്ള അമ്മദൈവങ്ങൾ ഇവളുടെ രൂപഭേദങ്ങളാണ്.

നിമ്രോദ് പുരുഷദൈവവും നിമ്രോദിന്റെ ഭാര്യ അമ്മ ദൈവവുമായി പരിഗണിക്കപ്പെടാൻ തുടങ്ങിയതിലൂടെ സാത്താൻ അന്യദൈവാരാധനയുടെ അടിത്തറ ഇടുകയാണു ചെയ്തത്. പിൽക്കാലത്തുണ്ടായ അന്യദൈവങ്ങളെല്ലാം ഇവരോ ഇവരുമായി ബന്ധമുള്ളവയോ ആയിരുന്നു എന്നതും ശ്രദ്ധേയമാണ്.

രാജാവിനെ അന്നദാതാവായി കണക്കാക്കുന്ന പതിവ് കേരളത്തിൽപ്പോലുമുണ്ടല്ലോ. അങ്ങനെയിരിക്കെ നാലു സഹസ്രാബ്ദത്തോളം മുമ്പ് ഇത്തരമൊരു വിശ്വാസം മനുഷ്യനുണ്ടായതിൽ അദ്ഭുതമില്ല. തങ്ങൾക്കു ഭക്ഷണം നൽകുന്നത് നിമ്രോദാണെന്നും അതുകൊണ്ട് അവനെ പ്രീതിപ്പെടുത്തേണ്ടത് ആവശ്യമാണെന്നും ജനം കരുതി. മാത്രമല്ല, നിമ്രോദിന്റെ ഭാര്യ ഭൂമിയുടെ പ്രതീകമാണെന്നും അതുകൊണ്ടുതന്നെ അവൾ ഭൂമീദേവിയാണെന്നും വിശ്വാസമുണ്ടായി. മാനവജാതിയുടെ രക്ഷ നിമ്രോദിലൂടെയാണെന്നുപോലും ജനം തെറ്റിദ്ധരിച്ചു. മനുഷ്യദൈവങ്ങളെ ലോക രക്ഷകരമായും ലോക മാതാക്കളായും മറ്റും വാഴ്ത്തിപ്പാടുന്ന സംഭവങ്ങൾ ഈ 21-ാം നൂറ്റാണ്ടിലും ഉണ്ടല്ലോ.

ദൈവപ്രവൃത്തി നേരിൽ കണ്ടിട്ടുള്ള ശേം ജീവനോടെയുള്ള കാലത്താണു നിമ്രോദ് ഈ വിധത്തിൽ ദൈവത്തിനെതിരായി ജനത്തെ തിരിച്ചതും ദൈവത്തിനു ലഭിക്കേണ്ടതായ ആരാധന തട്ടിയെടുത്തതും. ഇത് ശേമിനെപ്പോലുള്ളവർക്കു സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. അതുകൊണ്ട് ശേമിന്റെ നേതൃത്വത്തിൽ നടന്ന ഒരു വിപ്ലവത്തിൽ നിമ്രോദ് കൊല്ലപ്പെട്ടു. ശേം നിമ്രോദിന്റെ ശരീരം പല കഷണങ്ങളാക്കുകയും നിമ്രോദിനെ ആരാധിച്ചിരുന്ന ജനങ്ങൾ വസിച്ചിരുന്ന ഭാഗങ്ങളിലേക്ക് ഇവ കൊടുത്തുവിടുകയും ചെയ്തു. ഈ സംഭവത്തോടെ അന്യദൈവാരാധന തൽക്കാലത്തേക്കെങ്കിലും ശമിച്ചു.

സാത്താൻ പരാജയം സമ്മതിക്കാത്ത ശത്രുവാണ്. എത്രവട്ടം പരാജയപ്പെട്ടാലും അവൻ വീണ്ടും ശ്രമിക്കും. നിമ്രോദിന്റെ മരണത്തോടെ ഇല്ലാതായ അന്യദൈവാരാധന പുന:സ്ഥാപിക്കാൻ സാത്താൻ ഇഷ്ടാറിനെ കരങ്ങളിലെടുത്തു. തന്റെ ഭർത്താവായിരുന്ന നിമ്രോദ് ലോകരക്ഷകനായിരുന്നെന്നും മനുഷ്യവംശത്തിന്റെ രക്ഷയ്ക്കായി അവൻ യാഗമാകുകയാണുണ്ടായതെന്നും അവൾ പ്രചരിപ്പിക്കാൻ തുടങ്ങി. എത്ര വലിയ വിഡ്ഢിത്തം വിശ്വസിക്കാനും ആളുണ്ടാകുമല്ലോ. ഇഷ്ടാറിന്റെ പ്രചരണം വിശ്വസിക്കാൻ ചിലർ തയ്യാറായി. ക്രമേണ അവരുടെ എണ്ണം കൂടിവന്നു. ഇഷ്ടാറിന്റെ വഴിവിട്ട ജീവിതം നിമിത്തം അവൾ അവിഹിത ഗർഭം ധരിച്ചത് ഇക്കാലത്താണ്. ഈ ഗർഭം പോലും അവൾ ഭോഷ്ക്കിനു മറയാക്കി. താൻ പരിശുദ്ധമായ ജീവിതമാണു നയിച്ചു വന്നതെന്നും തന്റെ ഭർത്താവായ നിമ്രോദ് തന്നിലൂടെ വീണ്ടും ജനിക്കയാണെന്നും അവൾ പ്രചരിപ്പിച്ചു. അതു വിശ്വസിക്കാനും ജനം തയ്യാറായി. അങ്ങനെ ഇഷ്ടാറിന്റെ സന്തതിയെ ജനം നിമ്രോദിന്റെ അവതാരമായി പരിഗണിക്കാൻ തുടങ്ങി. ഇഷ്ടാർ ശിശുവിനെ എടുത്തുകൊണ്ടു നിൽക്കുന്ന പ്രതിമകൾ ഉണ്ടാക്കി ജനം ആരാധിക്കാൻ ആരംഭിച്ചു. അങ്ങനെ അന്യദൈവാരാധന സാർവ്വത്രികമായി.

നിമ്രോദിന്റെ വധവും ഭൂമിയുടെ വിഭജനവും ഏറെക്കുറെ ഒരേ കാലത്താണു നടന്നത് എന്നു കരുതാം. ദൈവം ജനത്തിന്റെ ഭാഷ കലക്കിക്കളഞ്ഞതോടെ അവർ കോട്ടയുടെ പണി ഉപേക്ഷിച്ചു. ക്രമേണ അവർ ഭൂമിയുടെ പല ഭാഗങ്ങളിലേക്കു കുടിയേറി. പക്ഷേ നിമ്രോദിനെയും അവന്റെ ഭാര്യയെയും പിന്നീടുണ്ടായ ശിശുവിനെയും ആരാധിക്കുന്ന രീതി അവർ ഉപേക്ഷിച്ചില്ല. ലോകമെമ്പാടുമുള്ള മനുഷ്യർ ഒരു പുരുഷ ദൈവത്തെയും അമ്മദൈവത്തെയും ആരാധിക്കാൻ ഇടയായത് ഈ വിധത്തിലാണ്. ബാൽ-അശ്ശേര, ഒസ്സീറിസ്-ഐസിസ്, യിൻ-യാൻ, പ്രജാപതി-പ്രകൃതി ഇങ്ങനെ ഓരോ ദേശത്തും ഇവർ വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്നു. പക്ഷേ ഈ ദൈവങ്ങളുമായി ബന്ധപ്പെട്ടുള്ള കഥകൾ സമാനതകളുള്ളവയാണ്.

ഒസ്സീറിസിനെ സേത്ത് വധിച്ചെന്നും അവന്റെ ശരീരം പല കഷണങ്ങളാക്കി ലോകത്തിന്റെ പല ഭാഗങ്ങളിൽ വിതറിയെന്നും ഈജിപ്തിലുള്ളവർ വിശ്വസിച്ചിരുന്നു. ഒസ്സിറിസിന്റെ ഭാര്യമായ ഐസിസ് തന്റെ ഭർത്താവിന്റെ ശരീര ഭാഗങ്ങൾ അന്വേഷിച്ചു കരഞ്ഞുകൊണ്ടു നടന്നെന്നും അവയെല്ലാം കണ്ടെത്തി യോജിപ്പിച്ചുവച്ച് അവനെ ഉയിർപ്പിച്ചെന്നും വരെ കഥയുണ്ട്. ജനം തമ്മൂസിനെ ഓർത്തു കരയുന്ന ആചാരം (യെഹ.8:14) ഈ വിധത്തിൽ ഉണ്ടായതാണ്.

പ്രജാപതിയുടെ (പുരുഷന്റെ) ശരീരം ദേവൻമാർ പല കഷണങ്ങളാക്കി വിഭജിച്ചെന്നും പിന്നീടു പുരുഷൻ ഉയിർത്തെന്നും മറ്റും ആര്യൻമാർ വിശ്വസിക്കാൻ ഇടയായതും ഈ കാരണത്താലത്രേ. മരിച്ചിട്ട് ഉയിർത്ത ഒരു ദേവനെക്കുറിച്ച് പ്രാചീന ലോകമതങ്ങളിൽ പരാമർശമുണ്ടായത് ഈ വിധത്തിലാണ്. കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശീകരണം, ഉയിർപ്പ് തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള പെരുന്നാൾ എന്ന വ്യാജേന പട്ടത്വ സഭകൾ ആചരിക്കുന്ന ഈസ്റ്ററും നിമ്രോദിന്റെ ഉൽസവമത്രേ.

ഭാഷ കലങ്ങിയതുമൂലം ജനം ലോകമെമ്പാടും ചിതറിയെങ്കിലും അതു താൽക്കാലികമായിരിക്കും എന്നതിനു സംശയമില്ല. ഏതു ഭാഷയും ചില മാസങ്ങൾ കൊണ്ടു പഠിക്കാം എന്നതു തന്നെ കാരണം. അങ്ങനെ ജനം വീണ്ടും ഒന്നുചേരാൻ ഇടയാകും. അതോടെ സാത്താന് അവന്റെ ജോലി ചെയ്യാൻ എളുപ്പമാകും. ഇതു തടഞ്ഞേ മതിയാകൂ. എങ്ങനെ? ഭൂമിയെ, അതായത് കരയെ, വിഭജിക്കുക. അങ്ങനെയാണ് ഭൂമി വിഭജിക്കപ്പെട്ടത്.

ഭൂമി ഒരു ഗോളമാണ് എന്നതു ശരിതന്നെ. പക്ഷേ കരഭാഗം നിരവധി പ്ലേറ്റുകളായാണ് സ്ഥിതി ചെയ്യുന്നത്. ഇവ ഒടിയുന്നതും ഞെരുങ്ങുന്നതും ഭൂകമ്പങ്ങൾക്കു കാരണമാകുന്നു. ഭൂമി വിഭജിക്കപ്പെട്ടപ്പോൾ ഭൂഗോളം പിളരുകയല്ല കരഭാഗം അവയുടെ ആധാരമായ പ്ലേറ്റുകളോടൊപ്പം വിഭജിക്കപ്പെടുകയാണു ചെയ്തത്. അഫ്രിക്കയുടെ ഭാഗമായിരുന്ന ഒരു കഷണം ഏഷ്യയിൽ വന്നിടിച്ചാണ് ഇന്ത്യ ഉൾക്കൊള്ളുന്ന ഭാഗമുണ്ടായത്. കടലിനടിയിലുള്ള ചെളിയും മറ്റുമാണ് ഹിമാലയ പർവ്വതമായത്. ഈ ഭാഗം ഇപ്പോഴും ഉറച്ചിട്ടില്ല. അതുകൊണ്ടാണ് ഹിമാലയം ഉൾപ്പെട്ട ഭാഗങ്ങളിൽ ഇപ്പോഴും ഭൂകമ്പങ്ങൾ ഉണ്ടാകുന്നത്.

ഭൂമിയുടെ പ്രധാന പ്ലേറ്റുകൾ:

**Primary plates**

- African Plate
- Antarctic Plate
- Eurasian Plate
- Indo-Australian Plate
- North American Plate
- Pacific Plate
- South American Plate

**Secondary plates**

- Arabian Plate
- Caribbean Plate
- Cocos Plate
- Indian Plate
- Juan de Fuca Plate
- Nazca Plate
- Philippine Sea Plate
- Scotia Plate

ബൈബിളും ശാസ്ത്രവും തമ്മിൽ പൊരുത്തപ്പെടുകയില്ല എന്ന് പൊതുവെയൊരു ധാരണയുണ്ട്. അതു ശരിയല്ല. ശാസ്ത്രസത്യങ്ങൾക്കു വിരുദ്ധമായി ഒന്നും ബൈബിൾ കണ്ടെത്തുകയില്ല. അഥവാ, ഉണ്ടെന്നു തോന്നുന്നെങ്കിൽ തെറ്റിയതു നമുക്കാകും എന്നു തീർച്ച. ഭൂമി വിഭജിക്കപ്പെട്ടു (ഉല്പ.10:25) എന്നു ബൈബിൾ പറയുന്നതുതന്നെ നല്ല ഉദാഹരണം. ഭൂമി വിഭജിക്കപ്പെട്ടു എന്നു ശാസ്ത്രം തെളിയിക്കുന്നതിന് എത്രയോ മുമ്പ് ബൈബിളിൽ അതു രേഖപ്പെടുത്തിയിരുന്നു. പക്ഷേ വേദപുസ്തകം തർജ്ജമ ചെയ്തവർക്ക് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് ഭൂമി വിഭജിക്കപ്പെട്ടു എന്നതിനു പകരം 'ഭൂവാസികൾ പിരിഞ്ഞു പോയത്' എന്നു തർജ്ജമ ചെയ്തത്. ബൈബിളല്ല തർജ്ജമയാണു തെറ്റിയത്. ഭൂമി ഏതു കാലത്താണു വിഭജിക്കപ്പെട്ടത് എന്ന കാര്യത്തിൽ ഇപ്പോഴും തർക്കം നിലനിൽക്കുന്നുണ്ട് എന്നതും ശ്രദ്ധേയമാണ്. ബൈബിളിലെ കണക്കനുസരിച്ച് നാലായിരത്തോളം വർഷം മുമ്പാണു ഭൂമി വിഭജിക്കപ്പെട്ടത്. പക്ഷേ ശാസ്ത്രം അതു സമ്മതിച്ചു തരുകയില്ല. അനേക കോടി വർഷം മുമ്പാണ് ഈ സംഭവമുണ്ടായത് എന്നു ശാസ്ത്രം പറയും. ആർക്കാണു തെറ്റു പറ്റിയത്? ബൈബിളിനു തെറ്റു പറ്റുകയില്ല. എന്നാൽ നാം ബൈബിളിനു കൊടുക്കുന്ന വ്യാഖ്യാനത്തിൽ തെറ്റുപറ്റാം. അങ്ങനെയെങ്കിൽ നാലായിരത്തോളം വർഷം മുമ്പ് എന്നു നാം പറയുന്നത് എന്തെങ്കിലും തെറ്റിദ്ധാരണയുടെ, ദുർവ്യാഖ്യാനത്തിന്റെ, ഫലമായാകാം. അതല്ലെങ്കിൽ ശാസ്ത്രത്തിനു തെറ്റിയിരിക്കാം. ശാസ്ത്രം ഇനിയും വളരട്ടെ. അപ്പോൾ സത്യം എന്തെന്നു വ്യക്തമാകും. അതുവരെ കാത്തിരിക്കുകയേ നിവൃത്തിയുള്ളൂ.





## രണ്ടു പുസ്തകങ്ങളും ഒന്നിച്ചു വാങ്ങാം

''മരിച്ചവർ എവിടെ'', ''അടിസ്ഥാന വേദോപദേശങ്ങൾ'' എന്നീ പുസ്തകങ്ങൾ ഒന്നിച്ചു വാങ്ങിയാൽ പോസ്റ്റേജ് ലാഭിക്കാൻ കഴിയും. ഈ പുസ്തകങ്ങൾ **പോസ്റ്റിൽ ലഭിക്കുവാൻ** ഇന്ത്യയിൽ നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഏതെങ്കിലും ഒരു പുസ്തകത്തിന്റെ ഒരു കോപ്പി- 50 രൂപ.
രണ്ടു പുസ്തകങ്ങളുടെയും ഓരോ കോപ്പി വീതം- 80 രൂപ.
രണ്ടു പുസ്തകങ്ങളുടെയും രണ്ടു കോപ്പികൾ വീതം- 150 രൂപ.
രണ്ടു പുസ്തകങ്ങളുടെയും അഞ്ചു കോപ്പികൾ വീതം- 350 രൂപ. കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർ ഓരോ പുസ്തകത്തിനും 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും പത്തു പുസ്തകത്തിന് 50 രൂപ എന്ന നിരക്കിൽ പോസ്റ്റേജും നൽകിയാൽ മതിയാകും. വിദേശത്തുള്ളവർ ഈമെയിൽ അയയ്ക്കുകയോ ഫോണിൽ ബന്ധപ്പെടുകയോ ചെയ്യുക.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 50 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.

# പാപവും രോഗവും: ചില വസ്തുതകൾ

കഴിഞ്ഞ ചില വർഷങ്ങളിൽ വിശ്വാസ പ്രസ്ഥാനം വിട്ടുപോന്നവരുടെ നൂറുകണക്കിനു കത്തുകൾ എനിക്കു ലഭിച്ചിട്ടുണ്ട്. നിരവധി പേരുടെ കാര്യത്തിൽ അവരുടെ രോഗം പാപത്തിന്റെ ഫലമാണെന്നു പറഞ്ഞ് വിശ്വാസ പ്രസ്ഥാനക്കാർ തടിതപ്പിയ ഹൃദയഭേദകമായ കഥകൾ വായിക്കുവാൻ കഴിഞ്ഞു.

ജന്മനാ അന്ധയായിരുന്ന ഒരു സ്ത്രീയുടെ അനുഭവ വിവരണമായിരുന്നു അതിലൊന്ന്. വിശ്വാസ പ്രസ്ഥാനക്കാർ നുഴഞ്ഞുകയറിയിരുന്ന ഒരു സഭയിലാണ് അവൾ എത്തിപ്പെട്ടത്. തനിക്കു പൂർണ്ണ കാഴ്ച ലഭിച്ചു എന്ന് ഏറ്റുപറഞ്ഞുകൊണ്ട് ദൈവത്തിന്റെ വാക്കു മാനിക്കുവാൻ ദൈവത്തോട് ആജ്ഞാപിക്കുന്നതിന് അവളെ അവർ നിർബ്ബന്ധിച്ചു. ഒന്നും സംഭവിക്കാതെ വന്നപ്പോൾ അവർ വിശ്വാസം ഇല്ലായ്മയ്ക്ക് അവളെ പഴിക്കുവാൻ തുടങ്ങി. ദൈവപ്രവൃത്തിക്കു തടസ്സമായി അവളുടെ ജീവിതത്തിൽ എന്തോ ഉണ്ടെന്ന് അവർ പറഞ്ഞു മാത്രമല്ല തന്റെ ജീവിതത്തിലെ പാപംമൂലമോ അനുസരണക്കേടു നിമിത്തമോ ദൈവപ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണെന്നും അവ നേരെയാകുന്നതുവരെ ദൈവത്തിനു പ്രവർത്തിക്കുവാൻ കഴിയുകയില്ല എന്നും അവർ അവളോടു പറഞ്ഞു.

ഈ പ്രിയ സഹോദരി എഴുതുന്നു. ''ഉറക്കമില്ലാത്ത രാത്രികൾ, വേദനയിൽ ഞാൻ കഴിച്ചുകൂട്ടി. നിരാശ എന്റെ ജീവിതത്തിലേക്കു കടന്നുവരുവാൻ തുടങ്ങി. എന്റെ സന്തോഷം നഷ്ടപ്പെട്ടു. പ്രാർത്ഥിക്കുവാൻപോലും എനിക്കു കഴിഞ്ഞില്ല.''പക്ഷേ തന്നെ ദൈവം കൈവിട്ടിട്ടില്ല എന്ന് വൈകാതെ അവൾക്കു മനസ്സിലായി. യഥാർത്ഥ പ്രശ്നം അവളുടെ വിശ്വാസമില്ലായ്മ ആയിരുന്നില്ല, മറിച്ച് വിശ്വാസ പ്രസ്ഥാനക്കാരുടെ വിവരമില്ലായ്മയായിരുന്നു. അവൾ ഇപ്രകാരം എഴുതുന്നു. ''യേശുവിന്റെ കാഴ്ചയിൽ ഞാൻ പൂർണ്ണയാണെന്നും ഞാനും യേശുവുമായി ബന്ധം ആരംഭിച്ചപ്പോൾ എനിക്ക് ഉണ്ടായിരുന്നത്ര പ്രാധാന്യം ഇപ്പോഴും ഉണ്ടെന്നും ഞാൻ മനസ്സിലാക്കി. ഇനി ഒരിക്കലും അവന്റെ സ്നേഹം എന്നിൽനിന്ന് എടുത്തുകളയുവാൻ പോകുന്നില്ലെന്നും ഞാൻ ഉറപ്പിച്ചു''.

വിശ്വാസ പ്രസ്ഥാനത്തിന്റെ പിന്നിലുള്ള യഥാർത്ഥ പ്രേരക ശക്തികളെക്കുറിച്ച് സമർത്ഥമായ ചില നിരീക്ഷണങ്ങൾ അവൾ നടത്തുന്നുണ്ട്: ''ഞാൻ സൗഖ്യം പ്രാപിക്കണം എന്ന് അവർ ആഗ്രഹിക്കുന്നതായി ഞാൻ കണ്ടുപിടിച്ചു. കാരണം എന്റെ അന്ധത അവരുടെ ദൈവശാസ്ത്രത്തെത്തന്നെ ചോദ്യം ചെയ്യുന്നതായിരുന്നു. അവരുടെ ആഗ്രഹത്തിനനുസരിച്ച് എനിക്ക് സൗഖ്യം ഉണ്ടായില്ലെങ്കിൽ അവർക്കു വിശ്വാസത്തിൽ നിലനിൽക്കുവാൻ കഴിയുമായിരുന്നില്ല എന്നു തോന്നി. എനിക്കു കാഴ്ച ലഭിക്കണമെന്ന് അവർ ആഗ്രഹിച്ചത് എനിക്കുവേണ്ടി ആയിരുന്നില്ല, അവർക്കുവേണ്ടിയായിരുന്നു.''

ഭേദമാകാത്ത ചർമ്മരോഗവും ഫൈബ്രോസിസും ബാധിച്ച ഒരു സ്ത്രീയുടെ കഥയാണ് അടുത്തത്. കെന്നത്ത് കോപ്ലാന്റ്, ഫ്രെഡ് പ്രൈസ്, ജോൺ അവൻസിനി എന്നിവരുടെ പ്രഭാഷണം ശ്രദ്ധിക്കുവാൻ ഇടയായ അവളുടെ അടുത്ത ഒരു കൂട്ടുകാരി പാപത്തിന്റെയും വിശ്വാസമില്ലായ്മയുടെയും ഫലമായാണ് രോഗം ഉണ്ടായതെന്ന് അവളോടു പറഞ്ഞു. കൂട്ടുകാരാൽ ഇപ്രകാരം ശിക്ഷിക്കപ്പെടാതെ കഷ്ടത അനുഭവിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് പലപ്പോഴും ആശിച്ചുപോകുന്നു എന്നു പറഞ്ഞുകൊണ്ട് അവൾ തന്റെ കത്ത് അവസാനിപ്പിക്കുന്നു.

ഇവ്വിധ കഥകൾ ദുർല്ലഭമല്ല. ക്യാൻസർ, ജന്മവൈകല്യം എന്നിവയുള്ള ക്രിസ്ത്യാനികൾ തങ്ങളുടെ അറിയപ്പെടാത്ത പാപത്തിന്റെ ഫലമായാണ് രോഗഗ്രസ്ഥരായതെന്ന് ആരോപിക്കപ്പെട്ട് അവഹേളിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ ഭാഗം ഞാൻ എഴുതിയ ദിവസംതന്നെ മരിച്ച ഒരു കുഞ്ഞു പിറന്ന ഭാര്യയുടെയും ഭർത്താവിന്റെയും ഒരു കത്ത് എനിക്കുകിട്ടി. ആശ്വാസവാക്കുകൾ പറയേണ്ട ആ സമയത്ത്, അവരുടെ പാപംകൊണ്ടാണു കുഞ്ഞു മരിച്ചു പോയതെന്ന് അവരോടു പറയുകയാണ് വിശ്വാസ പ്രസ്ഥാനക്കാർ ചെയ്തത്.

കഷ്ടത അനുഭവിക്കുന്നവർ ഇയ്യോബിനെ ഓർക്കണം. വിശ്വാസത്തിൽ തികഞ്ഞവൻ എന്നു ദൈവം അവനെക്കുറിച്ചു സാക്ഷ്യം പറഞ്ഞു. എന്നാൽ വിശ്വാസ പ്രസ്ഥാനക്കാരുടെ വീക്ഷണത്തിൽ ഇയ്യോബ് തനിക്കു തന്നെ നാശം വിളിച്ചുവരുത്തുകയായിരുന്നു. അതെക്കുറിച്ച് കെന്നത്ത് കോപ്ലാന്റ് ഇങ്ങനെ പറയുന്നു. ''ഇയ്യോബിനെ തൊടുവാൻ സാത്താനെ ദൈവം അനുവദിച്ചില്ല എന്ന് തിരിച്ചറിയുവാൻ എന്നാണ് നമുക്കു കഴിയുക? തനിക്കെതിരെ പ്രവർത്തിക്കുവാൻ സാത്താനെ അനുവദിച്ചത് ഇയ്യോബ് തന്നെയാണ്. താൻ നീതിമാൻ അല്ലെന്ന് ഇയ്യോബ് സ്വയം പ്രസ്താവിച്ചു. താൻ അരിഷ്ടമനുഷ്യനാണെന്നും തന്റെ നാവ് അനുസരണമില്ലാത്തതാണെന്നും പറഞ്ഞു.''

സർവ്വശക്തനായ ദൈവം തന്നെ ഇയ്യോബ് നീതിമാനും നിഷ്കളങ്കനും ആണെന്നു പ്രസ്താവിച്ച കാര്യം അവഗണിക്കുവാൻ കഴിയാതെ വന്നപ്പോൾ ദൈവം വെറുമൊരു ശുഭ പ്രസ്താവന (positive confession) നടത്തുക മാത്രമാണ് ചെയ്തത് എന്ന് കോപ്ലാന്റ് അവകാശപ്പെടുന്നു. ഇത് ശരിയാണെങ്കിൽ ദൈവം ഒരു വഞ്ചകൻ മാത്രമല്ല തന്നെത്തന്നെ വഞ്ചിക്കുന്നവനുമാണ്. ഹിൻ, പ്രൈസ് എന്നീ വിശ്വാസ പ്രസ്ഥാനക്കാർ കൂടുതൽ കടുത്ത ഭാഷയിലാണ് ഇയ്യോബിനെ ആക്രമിക്കുന്നത്. ''ജഡീകനായ ഒരു ദുസ്വഭാവി'' എന്നുപോലും ഹിൻ ഇയ്യോബിനെ വിശേഷിപ്പിച്ചു. 'ഒരു വിടുവായൻ' എന്നാണ് പ്രൈസ് ഇയ്യോബിനെ വിളിക്കുന്നത്.

ഇയ്യോബിനെ മാത്രമല്ല വിശ്വാസ പ്രസ്ഥാനക്കാർ പിടികൂടുന്നത്. അപ്പൊസ്തലനായ പൗലോസിനെയും അവർ വെറുതെ വിടുന്നില്ല. അദ്ദേഹത്തിന്റെ രോഗത്തിനു കാരണം പൗലോസ് തന്നെയാണ് എന്നാണ് അവരുടെ വാദം. സ്വയം പുകഴ്ത്തുവാനുള്ള പ്രവണതയാണ് പൗലോസിന്റെ പാപം എന്നാണ് അവരുടെ കണ്ടെത്തൽ. ഫ്രെഡ് പ്രൈസ് അതെക്കുറിച്ച് ഇങ്ങനെ പറയുന്നു. ''തന്റെ രോഗാവസ്ഥയെ, അദ്ദേഹത്തെ താഴ്ന്ന നിലയിൽ സൂക്ഷിക്കുവാനുള്ള സാത്താന്റെ ഒരു തന്ത്രമായാണ് പൗലോസ് യഥാർത്ഥത്തിൽ വിശദീകരിക്കുന്നത്. ഈ ഭാഗം വായിച്ചാൽ പൗലോസിന്റെ ഒരു പ്രത്യേകത നിങ്ങൾക്കു കാണുവാൻ കഴിയും.''



ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ Christianity in Crisisഎന്ന പുസ്തകത്തിൽ നിന്ന് എടുത്തതാണ് ഈ ലേഖനം. പാപം, രോഗം, രോഗശാന്തി തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

വിശ്വാസ പ്രസ്ഥാനക്കാർ തിരുവചന ഭാഗങ്ങളെ എങ്ങനെ ദുർവ്യാഖ്യാനം ചെയ്യുന്നു എന്നുള്ളതിന് ഒരു മകുടോദാഹരണമാണിത്. പൗലോസിന്റെ ശരീരത്തിലെ മുള്ള് (2 കൊരി. 12:7) എന്താണെന്ന് പ്രസ്തുത വേദഭാഗം തെളിവായി പറയുന്നില്ലെങ്കിലും അതു പാപകരമായ പൊങ്ങച്ചം പറയുവാനുള്ള പ്രവണതയുടെ ഫലമല്ല എന്നു സുവ്യക്തമാണ്. സ്വയം പുകഴ്ത്തിയതുകൊണ്ടല്ല, സ്വയം പുകഴ്ത്തുന്നതിൽനിന്നു തടയുവാനാണ് ശരീരത്തിൽ മുള്ളു നൽകിയതെന്ന് ഈ വേദഭാഗം ലളിതമായി നമ്മോടു പറയുന്നു.

ഈ മുള്ളിനെക്കുറിച്ച് പൗലോസിന്റെ പ്രതികരണം എന്തായിരുന്നു എന്നു നോക്കാം. ഒരിക്കലും സന്തോഷത്തോടെ സാത്താൻ ഉണ്ടാക്കിയതായിരുന്നില്ല അത്. ''ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന് ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. അതുകൊണ്ട് ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു. ഞാൻ ബലഹീനൻ ആയിരിക്കുമ്പോൾത്തന്നെ ഞാൻ ശക്തനാകുന്നു'' (2 കൊരി. 12:9)

പൗലോസിന്റെ കാര്യം അവസാനിപ്പിക്കുന്നതിനു മുമ്പ് ഒരു കാര്യംകൂടെ നമുക്കു ശ്രദ്ധിക്കാം. തനിക്കു ക്ലേശം ഉള്ളതുകൊണ്ടാണ് ദൈവശക്തി തന്നിൽ ആവസിക്കുന്നതെന്ന് പൗലോസ് അവകാശപ്പെടുന്നു. ശരീരത്തിൽ ശക്തരായിരിക്കുന്നതുകൊണ്ടാണ് ദൈവം അവരെ അനുഗ്രഹിക്കുന്നതെന്ന് പറയുന്ന വിശ്വാസ പ്രസ്ഥാനക്കാരുടെ അവകാശവാദവും പൗലോസിന്റെ അവകാശവാദവും തമ്മിൽ ധ്രുവങ്ങളുടെ അകലമുണ്ട്. താൻ ബലഹീനൻ ആയിരിക്കുമ്പോഴാണ് ക്രിസ്തുവിന്റെ ശക്തി തന്നിൽ തികഞ്ഞു വരുന്നത് എന്നാണ് പൗലോസ് പറയുന്നത്. ഇവരിൽ ആര് സത്യത്തോട് അടുത്തുനിൽക്കുന്നു എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?

കാരിസ്മാറ്റിക് പണ്ഡിതനായ ഗോർഡൺ ഫീ വിശ്വാസ വിഷയം അതി വിദഗ്ധമായ ശൈലിയിൽ രൂപപ്പെടുത്തുന്നു. കൊരിന്ത്യർ പൗലോസിനെ നിരാകരിച്ചതാണ് ഈ തെറ്റായ ദൈവശാസ്ത്രത്തിന്റെ കേന്ദ്രബിന്ദു. പൗലോസിന്റെ ശാരീരിക ബലഹീനത നിമിത്തം അവർക്ക് അവനെ അപ്പൊസ്തലനായി കാണുവാൻ കഴിഞ്ഞില്ല. പ്രൗഢിയിലും പൂർണ്ണ ആരോഗ്യത്തിലും ജീവിക്കുന്ന ഒരു ആത്മീയൻ ആയിരിക്കണം അപ്പൊസ്തലൻ എന്നായിരുന്നു അവരുടെ ധാരണ. ബലഹീനതകളിൽനിന്ന് വീണ്ടെടുക്കപ്പെട്ട ആത്മീയരാണ് തങ്ങൾ എന്ന് സ്വയം ധരിച്ചിരിക്കുന്നതുകൊണ്ട് പൗലോസിനെയും ക്രൂശിന്റെ ദൈവശാസ്ത്രത്തെയും അതിന്റെ ഫലമായ വർത്തമാനകാല കഷ്ടതയെയും അവർ തള്ളിക്കളഞ്ഞു.

തന്റെ സുവിശേഷത്തിലേക്ക് അവരെ മടക്കി കൊണ്ടുവരുവാൻ പൗലോസ് തനിക്കാവതെല്ലാം ചെയ്യുന്നു. സുവിശേഷത്തിന്റെ അടിസ്ഥാനം ക്രൂശിക്കപ്പെട്ട ക്രിസ്തുവാണെന്ന് 1 കൊരിന്ത്യർ 1:18-25 വരെയുള്ള ഭാഗങ്ങളിൽ പൗലോസ് അവരെ ഓർമ്മിപ്പിക്കുന്നു. അവർക്ക് മശിഹാ ശക്തിയും മഹത്വവും അത്ഭുതങ്ങളുമായിരുന്നു. ക്രൂശീകരണം എന്നത് ബലഹീനതയും നിന്ദയും കഷ്ടതയും ആണല്ലോ. അങ്ങനെ വേറൊരു യേശുവിനെ പ്രസംഗിക്കുന്ന, മറ്റൊരു സുവിശേഷം പ്രസ്താവിക്കുന്ന കള്ള അപ്പൊസ്തലന്മാരെ അവർ സന്തോഷത്തോടെ സ്വീകരിക്കുകയും (2 കൊരി. 11:4) പൗലോസിനെ തന്റെ ശാരീരിക ബലഹീനത നിമിത്തം തള്ളിപ്പറയുകുയം ചെയ്തു (2 കൊരി. 10:10).

''ഇത്ര ക്ഷണത്തിൽ നിങ്ങൾ തൃപ്തരായി; ഇത്ര ക്ഷണത്തിൽ നിങ്ങൾ സമ്പന്നന്മാരായി; ഞങ്ങളെ കൂടാതെ വാഴുന്നവരായി'' എന്നിങ്ങനെ പറഞ്ഞുകൊണ്ട് പൗലോസ് 1കൊരി.4:8-13ൽ വിപരീതാർത്ഥ പ്രയോഗം നടത്തുന്നു. അതിനുശേഷം വർത്തമാനകാലങ്ങളിൽ എങ്ങനെ ഭാവി പ്രത്യാശയിൽ ജീവിക്കണം എന്നതിന്റെ ഉത്തമമാതൃകയായി തന്നെത്തന്നെ എടുത്തുകാണിച്ചുകൊണ്ടും അവരും താനുമായുള്ള വ്യത്യാസങ്ങൾ സമർത്ഥമായ വാക്കുകളിൽ വിവരിച്ചുകൊണ്ടും പൗലോസ് ആ ദുരുപദേശത്തെ തകർത്തു തരിപ്പണമാക്കുന്നു.

''എങ്കിലും ഈ അത്യന്തശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല ദൈവത്തിന്റെ ദാനമത്രേ എന്നുവരേണ്ടതിന് ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നു ഉള്ളത്'' (2 കൊരി 4:7) എന്നു പ്രസ്താവിച്ചുകൊണ്ട് അപ്പൊസ്തലത്വത്തിന്റെ യഥാർത്ഥ സ്വഭാവം എന്താണെന്നും അതിന്റെ മഹത്വം അപ്പൊസ്തലനിൽ അല്ല അവൻ നൽകുന്ന സന്ദേശത്തിൽ ആണെന്നും വിശദീകരിക്കുവാൻ മൂന്നു മുതൽ ആറുവരെയുള്ള അദ്ധ്യായങ്ങളിൽ പൗലൊസ് ശ്രമിക്കുന്നു. 2 കൊരിന്ത്യർ 10 മുതൽ 13 വരെയുള്ള അദ്ധ്യായങ്ങളിൽ അവരുടെ കള്ള ഗുരുക്കന്മാരെ പൗലൊസ് നേരിട്ട് എതിർക്കുന്നു. അതിനായി പുരാതന നാടകങ്ങളിലെ വിഡ്ഢിയുടെ വേഷം അണിയുകയാണ് പൗലൊസ് ചെയ്യുന്നത്. തന്റെ വൈരികൾ നിമിത്തം സ്വയം പ്രശംസിക്കുവാൻ പൗലൊസ് നിർബ്ബന്ധിതനാകുന്നു. എന്നാൽ എന്തിലാണ് പൗലൊസ് പ്രശംസിക്കുന്നത്? കൊരിന്ത്യർ ഏതിനോടെല്ലാം എതിർത്തു നിൽക്കുന്നുവോ അവയിൽ, അതായത്, പൗലൊസിന്റെ ബലഹീനതകളിൽ ആണു പൗലോസ് പ്രശംസിക്കുന്നത്. മൊത്തത്തിൽ നോക്കിയാൽ, തങ്ങളുടെ ദർശനങ്ങളെക്കുറിച്ചും അത്ഭുതകഥകളെക്കുറിച്ചും സ്വയം പ്രശംസിക്കുന്ന കള്ള അപ്പൊസ്തലന്മാരോട് തന്നെത്തന്നെ താരതമ്യപ്പെടുത്തിയശേഷം പൗലൊസ് തന്റെ യഥാർത്ഥ ചിത്രം വരച്ചു കാണിക്കുന്നതായി കാണാം. ... മശീഹായെ ക്രൂശുമരണത്തിൽ നിന്നും വിടുവിക്കുന്നതിലോ തന്റെ അപ്പൊസ്തലനെ ശാരീരിക വിഷമതകളിൽ നിന്നും വിടുവിക്കുന്നതിലോ അല്ല, മശീഹായുടെ ക്രൂശുമരണത്തിലും അപ്പൊസ്തലന്റെ കഷ്ടതയിലും ആണ് ദൈവത്തിന്റെ ശക്തി പൂർണ്ണമാകുന്നത് എന്നത്രേ പൗലൊസ് പറയുന്നത്.

മാനുഷിക ബലഹീനതകളെക്കുറിച്ചും കഷ്ടതകളെക്കുറിച്ചും ഉള്ള ചിത്രങ്ങൾ തന്റെ ലേഖനങ്ങളിൽ പൗലോസ് വീണ്ടും വീണ്ടും വരച്ചുകാണിക്കുന്നുണ്ട്. കൊരിന്ത്യസഭക്കു പറ്റിയ തെറ്റ് നമുക്ക് സംഭവിക്കരുതെന്ന ഉദ്ദേശ്യത്തിലാണ് പൗലോസ് ദീർഘമായ വിശദീകരണങ്ങൾ നൽകുന്നത്. ദൈവം സൗഖ്യദായകനായതുകൊണ്ട്, എല്ലാ വിശ്വാസികളും പൂർണ്ണ ആരോഗ്യവാന്മാർ ആയിരിക്കണം എന്ന്, നമ്മുടെ കാലത്തെ വിശ്വാസ ഗുരുക്കന്മാരെപ്പോലെതന്നെ കൊരിന്ത്യരും ധരിച്ചു വശായിരുന്നു. അപ്പൊസ്തലനായ പൗലൊസിനെ അവരിൽ ചിലർ വിട്ടുമാറുവാനുള്ള ഒരു കാരണവും അതായിരുന്നു. എന്നാൽ കൊരിന്ത്യർക്കു പറ്റിയ ആ തെറ്റ് പ്രചരിപ്പിക്കുന്നതിലാണ് വിശ്വാസ പ്രസ്ഥാനക്കാർ ഇന്നു വാപൃതരായിരിക്കുന്നത്. മരണം എന്നതു മാറ്റുവാൻ കഴിയാത്ത രോഗമാണെന്നു മനസ്സിലാക്കുവാൻ അവർക്കു സാധിക്കുന്നില്ല. അതിനുള്ള തെളിവാണ്. ''നിങ്ങളുടെ ശരീരം ദൈവത്തിനുള്ളതെങ്കിൽ അതിൽ രോഗം ഉണ്ടാക്കുവാനോ രോഗത്തിന് അടിമപ്പെടുവാനോ സാദ്ധ്യമല്ല''' എന്ന ബെന്നിഹീനിന്റെ ഹൃദയശൂന്യമായ പ്രസ്താവന. ദൈവത്തിന് പ്രിയപ്പെട്ട വിശുദ്ധന്മാരിൽ പലരും രോഗഗ്രസ്ഥരായി ചെറുപ്രായത്തിൽ മരിക്കുന്നു എന്നും ക്രൂര പാപികൾ ശാരീരിക സൗഖ്യവും ദീർഘായുസ്സും അനുഭവിക്കുന്നു എന്നുമുള്ള വസ്തുത കണക്കിലെടുക്കുവാൻ ഇത്തരം ദുരുപദേശങ്ങൾ പഠിപ്പിക്കുന്നവർക്കു കഴിയുന്നതല്ല.

# ഐ.പി.സി. ചർച്ച് ഓഫ് ഗോഡ് എ.ജി. സഭ




ഒരു സഭയ്ക്ക് ഒരേസമയം ഐ.പി.സിയും ചർച്ച് ഓഫ് ഗോഡും എ.ജിയും ആയിരിക്കാൻ കഴിയുമോ? പറ്റില്ല എന്നാണ് നിങ്ങളുടെ മറുപടിയെങ്കിൽ നിങ്ങൾക്കു ഹാ കഷ്ടം, നിങ്ങൾ പെന്തക്കോസ്തിലെ മറിമായങ്ങളുടെ ആഴങ്ങൾ തിരിച്ചറിഞ്ഞിട്ടില്ല.

ഡിഫെൻഡർ കള്ളം പറയുകയാണെന്നു കരുതുന്നവർ ആദ്യമായി www.ipcos.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപ്പോൾ നിങ്ങൾ India Pentecostal Church Of Seattle എന്ന ചർച്ചിന്റെ വെബ്സൈറ്റിൽ എത്തും. Pastor Jacob Muthalali എന്ന ആളാണ് ഈ സഭയുടെ പാസ്റ്റർ. ഈമെയിൽ: pastor@ipcos.org. വിലാസം: 14275 Interurban Avenue South, Tukwila, WA 98168

പേര് സൂചിപ്പിക്കുന്നതുപോലെ ഇത് India Pente-costal Church Of Seattle ആണ്. IPC Of Seattle എന്നു ചുരുക്കി പറയാം. സഭയുടെ ബോർഡിലും ഇങ്ങനെ എഴുതിയിരിക്കുന്നു. ഈ സഭ ഐ.പി.സിയോട് അഫിലിയേറ്റ് ചെയ്തതാണെന്ന് കൂടുതൽ അന്വേഷണമൊന്നും കൂടാതെ വിധിക്കാം. ഐ.പി.സിയുടെ രക്തം സിരകളിലോടുന്ന ഏവർക്കും ധൈര്യമായി ഈ സഭയിൽ അംഗത്വമെടുക്കാം.

സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും ഒരു സംശയം: ബോർഡിൽ 'ചർച്ച് ഓഫ് ഗോഡ്' എന്നുകൂടി കാണുന്നല്ലോ. എന്താണു കാരണം? ചർച്ച് ഓഫ് ഗോഡ് എന്നാൽ 'ദൈവസഭ' എന്നർത്ഥം. ഐ.പി.സി എന്നതു ദൈവസഭയാണല്ലോ. പക്ഷേ സംശയം തീരുന്നില്ല. അതുകൊണ്ട് അമേരിക്കയിലുള്ള മലയാളി ചർച്ച് ഓഫ് ഗോഡ് സഭകളുടെ ഒരു ലിസ്റ്റ് നോക്കി. ഈയിടെ നടന്ന ചർച്ച് ഓഫ് ഗോഡ് കോൺഫ്രൻസിന്റെ വെബ്സൈറ്റിൽ ആ ലിസ്റ്റുണ്ട്. ആ പേജിന്റെ ലിങ്ക്: www.nacog.net/nacog-church.htm ഈ പേജിലുള്ള ലിസ്റ്റിന്റെ അവസാനഭാഗത്ത് India Pentecostal COG എന്നൊരു പേരുണ്ട്. ഇന്ത്യൻ പെന്റക്കോസ്റ്റൽ ചർച്ച് ഓഫ് ഗോഡ് ആണ് ഈ സാധനം എന്നു വ്യക്തം. സംഗതി ചർച്ച് ഓഫ് ഗോഡ് തന്നെ. പാസ്റ്ററുടെ പേര് Jacob Muthalali എന്നാണ്. വെബ്സൈറ്റ്, ഈമെയിൽ എന്നിവ www.ipcos.org, pastor@ipcos.org എന്നിങ്ങനെ. ചുരുക്കി പറഞ്ഞാൽ അവൻ താൻ ഇവൻ.



Pastor Jacob Muthalali

തീർന്നില്ല. Jacob Muthalali എ.ജിക്കാരനാണ്. എങ്ങനെ? http://www.ipcos.org/pastor.php എന്ന വെബ്പേജിൽ He completed his Master of Divinity in 2000 and received his ordination from Assemblies of God in Springfield, Missouri in November of 2002 എന്ന് എഴുതിയിരിക്കുന്നു. (പോരേ പൂരം!) ചുരുക്കത്തിൽ ഈ വിദ്വാൻ ഐ.പി.സി എന്ന പേരിൽ ചർച്ച് ഓഫ് ഗോഡിന്റെ സഭ നടത്തുന്ന എ.ജിക്കാരനാണ്.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനെക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- ഡൊമെയ്ൻ രജിസ്ട്രേഷൻ
- വെബ് ഹോസ്റ്റിംഗ്
- വെബ്സൈറ്റ് ഡിസൈനിംഗ്
- വെബ്സൈറ്റ് ഡെവലപ്മെന്റ്
- ജൂംല സി.എം.എസ്
- വേഡ്പ്രസ്സ്
- PHP ഡെവലപ്മെന്റ്
- വെബ് അഡ്വർറ്റയ്സ്മെന്റ്
- വെബ് ബാന
- ഫ്ളാഷ് ആനിമേഷൻ

script infow@ys
Your Web Partner
Ernakulam
Phone: 0484-2592312. Mob: 9539378757
Email: info@scriptinfoways.com

# ജ്യോതിഷം തിരുവചന വെളിച്ചത്തിൽ

(രണ്ടു ക്രൈസ്തവ സാഹിത്യകാരൻമാർ ചേർന്നു രചിച്ച 'ജ്യോതിഷം തിരുവചന വെളിച്ചത്തിൽ' എന്ന ലഘു ഗ്രന്ഥത്തിൽ നിന്ന് എടുത്തതാണ് ഈ ലേഖനം. ഗ്രന്ഥകർത്താക്കളുടെ അനുവാദത്തോടെ പ്രസിദ്ധീകരിക്കയാണ്. കഴിഞ്ഞ ലക്കത്തിൽ നിന്നു തുടരുന്നു:)

ദൈവമക്കൾ ജ്യോതിഷമോ, അതുപോലെ ദൈവത്തെ കൂടാതെ ഭാവി അറിയാൻ മറ്റേതെങ്കിലും മാർഗ്ഗമോ അവലംബിക്കുന്നതിനെ തിരുവചനത്തിലൂടെ ദൈവം വിലക്കുന്നു. തന്റെ ഭാവിയെക്കുറിച്ചറിയുവാൻ മനുഷ്യൻ ദൈവത്തിലും ദൈവവചനത്തിലും ദൈവിക വാഗ്ദത്തങ്ങളിലും ആശ്രയിക്കണമെന്നു ദൈവാത്മാവ് ആഗ്രഹിക്കുന്നു. തന്നെയുമല്ല, ദൈവത്തെ കൂടാതെ ഭാവി അറിയാനാഗ്രഹിക്കുന്ന മനുഷ്യൻ ദൈവിക ഭാവമണിഞ്ഞ സാത്താന്യ തന്ത്രങ്ങളിൽ അകപ്പെടും.

മനുഷ്യർ പരിമിതമായ അറിവിന്നുടമയായതിനാൽ തന്റെ ഭാവിയെക്കുറിച്ചറിയുവാൻ അമാനുഷിക ശക്തിയിൽ ആശ്രയിക്കുമെന്നതു സ്വാഭാവികമാണ്. ഭാവിയെക്കുറിച്ചുണ്ടാകുന്ന ആശങ്ക പൈശാചിക ശക്തികൾക്ക് മനുഷ്യജീവിതത്തിൽ സ്വാധീനം ചെലുത്തുന്നതിനുള്ള അവസരം ഒരുക്കി കൊടുക്കുകയും ചെയ്യും. മനുഷ്യ ചരിത്രത്തിന്റെ ആരംഭ കാലം മുതൽതന്നെ പിശാചും പൈശാചിക ശക്തികളും ഭൂമിയിലുണ്ടായിരുന്നതുകൊണ്ട് അവർക്കു ഭൂതകാലങ്ങളെക്കുറിച്ച് പ്രവചിച്ചുകൊണ്ട് മനുഷ്യ മനസ്സിനെ അടിമപ്പെടുത്തുവാൻ കഴിയും. ഇത്തരം ഭൂതകാല വിവരണങ്ങൾക്കടിമപ്പെടുന്നവരെ ഭാവികാലത്തു സംഭവിക്കുമെന്നു പ്രവചിക്കുന്ന കാര്യങ്ങളാലും നിയന്ത്രിക്കാൻ ദുഷ്ടാത്മ ശക്തികൾക്കു സാധിക്കും.

പരിമിതമായ അറിവു മാത്രമുള്ള മനുഷ്യന്ന് നാളത്തെ കാലാവസ്ഥയെക്കുറിച്ച് സൂചന നൽകാൻ കഴിയുമെങ്കിൽ സാത്താന്യ സേവകർക്കു കൂടുതൽ കൃത്യമായ വിവരങ്ങൾ പൊതുവായി നൽകാൻ സാധിക്കും. ഒരുവൻ ഒരിക്കൽ തന്റെ ഭാവി അറിയാൻ സാത്താന്യ സേവയിലോ സേവകരിലോ ആശ്രയിച്ചാൽ പിന്നെ ഓരോ സന്ദർഭങ്ങളിലും ആ നിലയിൽ കാര്യങ്ങൾ അറിയാനുള്ള പ്രവണത വർദ്ധിക്കും. ശൗൽ രാജാവ് വെളിച്ചപ്പാടത്തിയുടെ അടുത്തു ചെല്ലുന്നത് ഇത്തരം മാനുഷിക ആശ്രയങ്ങളുടെ ഉത്തമ ദൃഷ്ടാന്തമാണ്.

ദൈവത്തിൽ നിന്നും തന്റെ കണ്ണുകളെയും മനസ്സിനെയും പിശാചിങ്കലേക്ക് നയിക്കാൻ ഇത്തരം ആകാംക്ഷകൾക്കും ആശ്രയങ്ങൾക്കും സാധിക്കുമെന്നതുകൊണ്ട് ദൈവജനം ഇത്തരം കാര്യങ്ങളിൽ നിന്ന് അകന്നു നിൽക്കണമെന്നു ദൈവവചനം കർശനമായി കല്പിച്ചിരിക്കുന്നു.

''നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു എത്തിയശേഷം അവിടത്തെ ജാതികളുടെ മ്ലേച്ഛതകൾ നീ പഠിക്കരുത്. തന്റെ മകനെയോ മകളെയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അജ്ഞനക്കാരൻ, എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുത്. ഈ കാര്യങ്ങൾ ചെയ്യുന്നവനെല്ലാം യഹോവക്കു വെറുപ്പ് ആകുന്നു; ഇങ്ങനെയുള്ള മ്ലേച്ഛതകൾ നിമിത്തം നിന്റെ ദൈവമായ യഹോവ അവരെ നിന്റെ മുമ്പിൽനിന്നു നീക്കിക്കളയുന്നു. നിന്റെ ദൈവമായ യഹോവയുടെ മുമ്പാകെ നീ നിഷ്കളങ്കനായിരിക്കണം.'' (ആവ.18:9-13)

''നീ നീക്കിക്കളവാനിരിക്കുന്ന ജാതികൾ മുഹൂർത്തക്കാരുടെയും പ്രശ്നക്കാരുടെയും വാക്കു കേട്ടു നടന്നു; നീയോ അങ്ങനെ ചെയ്‌വാൻ നിന്റെ ദൈവമായ യഹോവ അനുവദിച്ചിട്ടില്ല. നിന്റെ ദൈവമായ യഹോവ നിനക്ക് എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേൽപ്പിച്ചു തരും; അവന്റെ വചനം നിങ്ങൾ കേൾക്കണം. ഞാൻ മരിക്കാതിരിക്കേണ്ടതിന്നു ഇനി എന്റെ ദൈവമായ യഹോവയുടെ ശബ്ദം കേൾപ്പാനും ഈ മഹത്തായ തീ കാണ്മാനും എനിക്ക് ഇടവരരുതേ എന്നിങ്ങനെ ഹോരേബിൽ വെച്ചു മഹായോഗം കൂടിയ നാളിൽ നിന്റെ ദൈവമായ യഹോവയോടു നീ അപേക്ഷിച്ചതുപോലെ തന്നേ. അന്നു യഹോവ എന്നോടു അരുളിച്ചെയ്തതു എന്തെന്നാൽ അവർ പറഞ്ഞതു ശരി. നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്കു അവരുടെ ഇടയിൽ നിന്ന് എഴുന്നേൽപ്പിച്ചു എന്റെ വചനങ്ങളെ അവന്റെ നാവിന്മേൽ ആക്കും; ഞാൻ അവനോടു കല്പിക്കുന്നതൊക്കെയും അവൻ അവരോടു പറയും. അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോടു ഞാൻ ചോദിക്കും. എന്നാൽ ഒരു പ്രവാചകൻ ഞാൻ അവനോടു കല്പിക്കാത്ത വചനം എന്റെ നാമത്തിൽ അഹങ്കാരത്തോടെ പ്രസ്താവിക്കയോ അന്യദൈവങ്ങളുടെ നാമത്തിൽ സംസാരിക്കയോ ചെയ്താൽ ആ പ്രവാചകൻ മരണശിക്ഷ അനുഭവിക്കണം. അതു യഹോവ അരുളി ചെയ്യാത്ത വചനം എന്നു ഞങ്ങൾ എങ്ങനെ അറിയും എന്നു നിന്റെ ഹൃദയത്തിൽ പറഞ്ഞാൽ ഒരു പ്രവാചകൻ യഹോവയുടെ നാമത്തിൽ സംസാരിക്കുന്ന കാര്യം സംഭവിക്കയും ഒത്തുവരികയും ചെയ്യാഞ്ഞാൽ അതു യഹോവ അരുളിച്ചെയ്തതല്ല; പ്രവാചകൻ അതു സ്വയം കൃത്യമായി സംസാരിച്ചതത്രേ; അവനെ പേടിക്കരുത്'' (ആവർത്തനം 18:14-22).

ദൈവം തന്റെ അരുളപ്പാടുകൾ വാമൊഴിയായും വരമൊഴിയായും നല്കിയതോടെ ദൈവജത്തിനു ജ്യോതിഷത്തിലും അതു പോലെ ഭാവി പറയുന്ന മറ്റു കാര്യങ്ങളിലും ഇടപെടുന്നതിനുള്ള സ്വാതന്ത്ര്യം അസ്തമിച്ചു. ദൈവത്തെ കൂടാതെ ഭാവി പ്രവചിക്കുന്നവർ തങ്ങളുടെ ഊഹാപോഹങ്ങൾ പറയുന്നുവെന്നും അവരുടെ അടുക്കൽ പോകരുതെന്നും തിരുവെഴുത്തു ദൈവാത്മാവ് നിഷ്കർഷിക്കുന്നു.

യിരെമ്യാവ് 10:2ൽ നാം ഇങ്ങനെ വായിക്കുന്നു; ''ജാതികളുടെ വഴി പഠിക്കരുത്; ആകാശത്തിലെ ലക്ഷണങ്ങൾ കണ്ടു ഭ്രമിക്കരുത്; ജാതികൾ അല്ലോ അവ കണ്ടു ഭ്രമിക്കുന്നത്. ജാതികളുടെ ചട്ടങ്ങൾ മിത്ഥ്യാമൂർത്തിയെ സംബന്ധിക്കുന്നു..... അവയെ ഭയപ്പെടരുത്. ഒരു ദോഷവും ചെയ്‌വാൻ അവയ്ക്കു കഴിയുകയില്ല.''

ദൈവജനം ആകാശത്തിലെ അടയാളങ്ങൾക്കു പിന്നാലെ പോകരുതെന്നതിനുള്ള മുന്നറിയിപ്പാണിത്. യെഹസ്കേൽ 21:21; 12:24; 13:69, 23; 21:29; 22:28; യെശയ്യാവ് 44:24, 25; അപ്പോസ്തോല പ്രവൃത്തികൾ 16:1619; യിരെമ്യാവ് 27:9, 10; 14:14; മീഖാ. 3:611; സെഖര്യാവ് 10:2 തുടങ്ങിയ ഭാഗങ്ങളിലും ജ്യോതിഷാനുബന്ധ കാര്യങ്ങളിലുള്ള ദൈവിക നിലപാടുകൾ ദൈവാത്മാവ് രേഖപ്പെടുത്തി നൽകിയിട്ടുണ്ട്.

ആവർത്തനം 4:19-24 ഇങ്ങനെ പറയുന്നു; ''നീ ആകാശ സൈന്യമായ സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കിക്കാണുമ്പോൾ അവയെ നമസ്ക്കരിപ്പാനും സേവിപ്പാനും വശീകരിക്കപ്പെടരുത്; അവയെ നിന്റെ ദൈവമായ യഹോവ ആകാശത്തിൻ കീഴെങ്ങുമുള്ള സർവ്വജാതികൾക്കും പങ്കിട്ടു കൊടുത്തിരിക്കുന്നു. നിങ്ങളെയോ ഇന്നുള്ളതുപോലെ തനിക്ക് അവകാശ ജനമായിരിക്കേണ്ടതിന്നു യഹോവ തിരഞ്ഞെടുത്തു നിങ്ങളെ മിസ്രയീം എന്ന ഇരിമ്പുലയിൽ നിന്നു പുറപ്പെടുവിച്ചു കൊണ്ടുവന്നിരിക്കുന്നു. എന്നാൽ യഹോവ നിങ്ങളുടെ നിമിത്തം എന്നോടു കോപിച്ചു; .....നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോടു ചെയ്തിട്ടുള്ള അവന്റെ നിയമം നിങ്ങൾ മറന്നു നിന്റെ ദൈവമായ യഹോവ വിരോധിച്ചതുപോലെ യാതൊന്നിന്റെയും സാദൃശ്യമായ വിഗ്രഹം ഉണ്ടാക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. നിന്റെ ദൈവമായ യഹോവ ദഹിപ്പിക്കുന്ന അഗ്നിയല്ലോ; തീക്ഷ്ണതയുള്ള ദൈവം തന്നേ.''

മനുഷ്യൻ സ്വന്ത ഭാവനയിൽ കാര്യങ്ങൾ ചെയ്യുമ്പോൾ ആകാശ ശക്തികളിൽ ആശ്രയിക്കാനുള്ള സാധ്യതയുണ്ടെന്നു 19-ാം വാക്യം പറയുന്നു. വിഗ്രഹാരാധന പോലെ ഗൗരവമേറിയ ഒരു പാപമായിട്ടാണു ദൈവവചനം ഇതിനെ വെളിപ്പെടുത്തുന്നത്.

ചുരുക്കത്തിൽ, ജ്യോതിഷം ശാസ്ത്രമല്ല, അതു മനുഷ്യന്റെ ഭാവി അറിയാൻ മനുഷ്യൻ തന്നെ വിഭാവനം ചെയ്ത ഒരു ആഭിചാര പ്രവൃത്തിയാണ്. വിഗ്രഹാരാധനയും പ്രകൃതി ശക്തി ഭജനയുമുള്ള ജാതീയ മതാചാരങ്ങളുടെ ഭാഗമാണിത്. എന്തിനേറെ പറയുന്നു; ജ്യോതിഷാനുബന്ധ കാര്യങ്ങളിൽ താൽപര്യം കാണിക്കുന്ന വിശ്വാസികൾ അവർ അറിയാതെ തന്നെ സാത്താന്യാരാധനയിലേക്കും ആഭിചാരത്തിലേക്കും ആനയിക്കപ്പെടുന്നു. ആകയാൽ തിരഞ്ഞെടുക്കപ്പെട്ട ദൈവജനം ഇക്കാര്യങ്ങളിൽ ഇടപെടുന്നതു തിരുവചനം വിലക്കുന്നു.

ജ്യോതിഷത്തിൽ തങ്ങൾ വിശ്വസിക്കുന്നില്ലെന്നും അക്കാര്യങ്ങളിൽ ഇടപെടാറില്ലെന്നും വിശ്വാസികൾ പറഞ്ഞേക്കാം. എന്നാൽ ചുവടെ ചേർക്കുന്ന ഏതെങ്കിലും കാര്യങ്ങളിൽ എപ്പോഴെങ്കിലും താൽപര്യമോ അനുഭാവമോ ഉണ്ടായിട്ടുണ്ടെങ്കിൽ ജ്യോതിഷം താങ്കളിലും സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു വ്യക്തം.

1. ആഴ്ചപ്പതിപ്പ്, വർത്തമാന പത്രങ്ങൾ തുടങ്ങിയവയിൽ നാൾ നോക്കുക, വാരഫലം നോക്കുക തുടങ്ങിയവ ചെയ്യുക.
2. കുഞ്ഞ് പിറക്കുമ്പോൾ കുഞ്ഞിന്റെ നാൾ ഏതെന്നു നോക്കുക.
3. ഭവന പ്രവേശനം, വിവാഹം, ദീർഘയാത്രകൾ തുടങ്ങിയവയോടുള്ള ബന്ധത്തിൽ രാഹുകാലം നോക്കുക. (രാഹുകാലം കഴിയുന്നതിനുവേണ്ടി ചില ന്യായങ്ങളാൽ യാത്ര വൈകിക്കുന്ന രീതി വിശ്വാസികളുടെ ഇടയിലും ഉണ്ടെന്നു പറയാതെ വയ്യ.)
4. പൊരുത്തം (ജാതക പൊരുത്തം) നോക്കുന്ന വിശ്വാസികളുമുണ്ട്. ചിലർ ചൊവ്വാദോഷം പോലുള്ള വിഷയങ്ങളിലും താൽപര്യം പുലർത്തുന്നവരാണ്.

വേർപെട്ടു പോന്നപ്പോൾ മനസ്സിൽ കൂടെകൊണ്ടുവന്ന ആഭിചാര തത്വങ്ങളും സങ്കല്പങ്ങളുമാണ് വിശ്വാസികളിൽ ഈവിധ പ്രവണതകൾ ഉണ്ടാകുന്നതിനു കാരണം.

വിശ്വാസികളും അന്ധവിശ്വാസങ്ങളും

ദൈവത്തിൽ നിന്നും പാപത്താൽ അകന്നുപോയ മനുഷ്യനിൽ സാത്താനെക്കുറിച്ചും ഭൂതപ്രേത പിശാചുക്കളെക്കുറിച്ചുമുള്ള ഭീതിയുണ്ട്. ബഹുവിധ ജാതികളിൽ വിവിധ രൂപഭാവങ്ങളിൽ ഇത് അവതരിപ്പിക്കപ്പെടുന്നു. ഭാരതത്തിലെ മതങ്ങളിൽ ഇത്തരം നിരവധി ചിന്താഗതികളുണ്ട്. സർപ്പദോഷം അതിൽ പ്രധാനമായ ഒന്നാണ്. ജനങ്ങൾക്ക് ഇത്തരം ബാധകളിലും ദോഷങ്ങളിലുമുള്ള വിശ്വാസത്തെ ചൂഷണം ചെയ്യാൻ പലർക്കും സാധിക്കുന്നു.

സുവിശേഷത്തിന്റെ വക്താക്കൾ എന്ന ഭാവത്തിൽ പ്രത്യക്ഷപ്പെടുന്ന ചിലർ ബാധയൊഴിപ്പിക്കൽ ഒരു തൊഴിലായി തന്നെ സ്വീകരിച്ചിട്ടുണ്ട്. ബാധയൊഴിപ്പിക്കലിനു വിധേയപ്പെടുന്ന വ്യക്തി മരിക്കയോ മാനസിക വിഭ്രാന്തിയിലായിത്തീരുകയോ ചെയ്യുന്ന സംഭവങ്ങളും നിരവധിയാണ്. ദുരാത്മാക്കളെ പുറത്താക്കുക, രോഗശാന്തി ഉണ്ടാകാനായി പ്രാർത്ഥിക്കുക തുടങ്ങിയവ ചെയ്യാൻ ദൈവദാസൻമാർക്ക് അധികാരമുണ്ടെങ്കിലും അതു ദൈവവചനാനുസൃതം ചെയ്യേണ്ടതാണ്. ഇത്തരം ശുശ്രൂഷകളുമായി നടക്കുന്ന വ്യാജൻമാർ ഏറെയുണ്ടെന്ന വസ്തുത ദൈവജനം മറന്നുപോകരുത്. ദൈവവചനം വസ്തുനിഷ്ഠമായി പഠിക്കുന്നതിനു നാം തയ്യാറാകണം. അല്ലെങ്കിൽ സർപ്പദോഷം, ശകുനപ്പിഴ, കൂടോത്രം തുടങ്ങിയവയെ ഭയപ്പെടുകയും വിടുതലിനായി വചനവിരുദ്ധമായ മാർഗ്ഗങ്ങൾ അവലംബിക്കയും ചെയ്യും.

വിശ്വാസികൾ എന്നവകാശപ്പെടുന്ന ചിലർ വച്ചു പുലർത്തുന്നതായ ചില അന്ധവിശ്വാസങ്ങൾ ചുവടെ ചേർക്കുന്നു.

1. സർപ്പദോഷം എന്നൊന്നുണ്ട് എന്നും ഇത്തരം ദോഷമുള്ള വീടുകളിലോ സ്ഥലങ്ങളിലോ പാർക്കരുത് എന്നും വിശ്വസിക്കുന്നു. ഒരു ബാധയും നിന്റെ കൂടാരത്തോട് അടുക്കയില്ല എന്ന കർത്താവിന്റെ വാഗ്ദത്തം ഇക്കൂട്ടരെ സംബന്ധിച്ചിടത്തോളം കേവലം വാക്കുകൾ മാത്രമായി അവശേഷിക്കുന്നു.
2. പല്ലി ചിലച്ചാൽ അക്കാര്യം സത്യമായിത്തീരും എന്ന ധാരണ വിശ്വാസികളും അറിഞ്ഞോ അറിയാതെയോ വച്ചുപുലർത്തുന്നു.
3. യാത്രാമദ്ധ്യേ പൂച്ച വട്ടം ചാടിയാൽ (പ്രത്യേകിച്ചും കറുത്ത പൂച്ച) അശുഭ ലക്ഷണം എന്നു ചിന്തിക്കുന്നു.
4. യാത്ര പുറപ്പെടാൻ വീട്ടിൽ നിന്നിറങ്ങുമ്പോൾ പിന്നിൽ നിന്ന് ആരെങ്കിലും വിളിച്ചാൽ അതു ദോഷമെന്നു കരുതുന്നു.
5. ദുശകുനം, ശകുനപ്പിഴ തുടങ്ങിയവയിൽ വിശ്വസിക്കുന്നു. രാവിലെ എഴുന്നേറ്റു വരുമ്പോൾ അല്ലെങ്കിൽ യാത്രയ്ക്കൊരുങ്ങുമ്പോൾ ശുഭകരമല്ലെന്നു തോന്നുന്നതെന്തെങ്കിലും സംഭവിച്ചാൽ ദോഷമാണെന്നു വിശ്വസിക്കുന്നു. ('ഇന്നത്തെ ദിവസം പോക്കായി' എന്നു വിശ്വാസികൾ പോലും പറയാറുണ്ട്.)
6. സന്ധ്യാ സമയത്തു തുണി അലക്കുന്നതും നടുമുറ്റത്തുകൂടി വെള്ളം കോരിക്കോണ്ടു പോകുന്നതും ദോഷമെന്ന ചിന്ത വിശ്വാസികളെയും സ്വാധീനിക്കാറുണ്ട്.

ഈ നിലയിലുള്ള നിരവധി ചിന്താഗതികളും വിശ്വാസങ്ങളും സാമാന്യ ജനങ്ങൾക്കിടയിലുണ്ട്. വേർപെട്ട വിശ്വാസികളിൽപ്പോലും ഈവിധ വിശ്വാസങ്ങൾ സ്വാധീനം ചെലുത്തുന്നു എന്നു പറഞ്ഞാൽ അതിശയോക്തിയാകില്ല.

കൂടോത്രം, കൈവിഷം, ബാധ തുടങ്ങിയ വിഷയങ്ങളെ വിശ്വാസികൾ പോലും പേടിക്കാറുണ്ട്. അതു വചനത്തിലും കർത്താവിലുമുള്ള വിശ്വാസത്തിന്റെ അപര്യാപ്തതയിൽ നിന്നുണ്ടാകുന്നതാണ്.

ചുരുക്കത്തിൽ, വേർപെട്ട ദൈവജനം ജ്യോതിഷപരമായ കാര്യങ്ങളിൽ ഇടപെടുന്നത് തിരുവെഴുത്തിനോടുള്ള അനുസരണക്കേടും അവിശ്വാസവും മൂലമാണ്. അന്ധവിശ്വാസങ്ങൾ വെച്ചു പുലർത്താതെ സ്തോത്രത്തോടും പ്രാർത്ഥനയോടും കൂടെ സാഹചര്യങ്ങളെ നേരിടാനുള്ള ആത്മീയ പക്വത ദൈവജനം പ്രാപിക്കേണം.

# ബലാൽസംഗം ചെയ്യാൻ ദൈവാത്മാവു പറഞ്ഞെന്ന്



ബലാൽസംഗം ചെയ്യാൻ ദൈവാത്മാവു പറഞ്ഞു. പാവം പാസ്റ്റർക്ക് അനുസരിക്കാതിരിക്കാൻ പറ്റുമോ? കക്ഷി അനുസരിച്ചു. ശരപറാന്ന് അഞ്ചു പെൺകുട്ടികളെ ബലാൽസംഗം ചെയ്ത് ആത്മീയത വെളിപ്പെടുത്തി.

ആഫ്രിക്കൻ ഫെയ്ത്ത് ടാബർനാക്കിൾ ചർച്ചിന്റെ തലവനായ പാസ്റ്റർ പോൾ ആണ് ഈ ധീരകൃത്യം ചെയ്തത്. രോഗശാന്തി, ഭൂതമിറക്കൽ തുടങ്ങിയവയുടെ മറവിൽ പെൺകുട്ടികളെ വശീകരിക്കയും മയക്കുമരുന്നു പയോഗിച്ചു മയക്കിയശേഷം ബലാൽസംഗം ചെയ്യുകയുമാണ് ഈ പരമ പുണ്യാളൻ ചെയ്തിരുന്നത്. സംഭവം പുറത്തു പറഞ്ഞാൽ ദൈവകോപമുണ്ടാകും എന്നു പറഞ്ഞ് ഭീഷണിപ്പെടുത്താനും ഇയാൾ ശ്രദ്ധിച്ചിരുന്നു.

മനസ്സിൽ തോന്നുന്നതെല്ലാം ദൈവാലോചനയാണെന്നു തെറ്റിദ്ധരിക്കുകയും അതനുസരിച്ചു പ്രവചിക്കുകയും ചെയ്യുന്ന പാസ്റ്റർമാർ ലോകമെമ്പാടുമുണ്ട്. അത്തരത്തിലുള്ള ഒരാളാണു പോൾ എന്നു തോന്നുന്നു. ഇത്തരം പ്രവാചകൻമാർ നമ്മുടെ ഇടയിലുമുണ്ട്. ഇത്തരക്കാർ കാട്ടിക്കൂട്ടുന്ന തോന്ന്യാസങ്ങൾ ആത്മീയ ശുശ്രൂഷകളാണെന്നു തെറ്റിദ്ധരിക്കാൻ ആളുണ്ടായാൽ എല്ലാം തികഞ്ഞു.

# കെ.കെ.അച്ചൻകുഞ്ഞിനെ സൂക്ഷിക്കുക

ഇപ്പോൾ അമേരിക്കയിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന കെ.കെ.അച്ചൻകുഞ്ഞ് എന്ന കള്ളപ്രവാചകനെ അകറ്റി നിർത്തുക. ഇയാൾ തട്ടിപ്പുകാരനാണ്. എട്ടു വർഷത്തോളം മുമ്പാണ് ഇയാൾ ആദ്യമായി അമേരിക്കയിലെത്തിയത്. അന്ന് ഇയാൾ ചർച്ച് ഓഫ് ഗോഡ് പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ബോംബെയിൽ പ്രവർത്തിക്കയായിരുന്നു. സഭാ നേതൃത്വത്തിന്റെ കത്തുമായാണ് ഇയാൾ എത്തിയത്. ചർച്ച് ഓഫ് ഗോഡിനുവേണ്ടി ഫണ്ട് ശേഖരിക്കാനാണ് എത്തിയത്. അതുകൊണ്ട് 75 ലക്ഷം രൂപ ലഭിക്കുകയും ചെയ്തു. പക്ഷേ ഒരു ചില്ലിക്കാശുപോലും ഇയാൾ ചർച്ച് ഓഫ് ഗോഡിനു കൊടുത്തില്ല. അമേരിക്കയിൽ നിന്നു ബോംബെയിൽ മടങ്ങിയെത്തിയശേഷം ചർച്ച് ഓഫ് ഗോഡിൽ നിന്നു രാജി വയ്ക്കുകയും സ്വന്തം പേരിൽ സ്ഥലം വാങ്ങുകയും ചെയ്തു.

പിറ്റേ വർഷവും ഇയാൾ അമേരിക്കയിലെത്തി. ചർച്ച് ഓഫ് ഗോഡിലെ പാസ്റ്റർ ആണെന്ന ധാരണയിൽ ഇയാൾക്ക് ജനം നല്ല സ്വീകരണം നൽകി. അങ്ങനെ 45 ലക്ഷം രൂപ ശേഖരിച്ചു. പിന്നീട് അമേരിക്കൻ യാത്ര ഒരു സ്ഥിരം പരിപാടിയാക്കി. ഇപ്പോൾ അഞ്ചാം വട്ടമാണ് ഇയാൾ അമേരിക്കയിൽ എത്തിയിരിക്കുന്നത്.

കള്ളപ്രവചനം നടത്തിയാണ് ഇയാൾ ജനത്തെ വീഴ്ത്തുന്നത്. ആർക്കും ഇടാവുന്ന ചില കോട്ടുകളാണ് ഇയാളുടെ സ്ഥിരം നമ്പർ. ഇത്തരം വാചകങ്ങൾ ആരോടു പറഞ്ഞാലും ശരിയായിരിക്കും. താൻ ഹൃദ്രോഗിയാണെന്നും ഏതു നിമിഷവും മരിക്കാമെന്നും മറ്റും പറഞ്ഞ് ജനത്തിന്റെ അനുകമ്പ നേടും. വിവരദോഷികൾ പണം കൊടുത്തു സഹായിക്കും.

ഇത്തവണയെങ്കിലും ഇയാളെ ഒരു പാഠം പഠിപ്പിക്കണം. കള്ളപ്രവചനം പറഞ്ഞു ദൈവമക്കളെ കബളിപ്പിക്കാൻ ഇനി ഇയാൾ വിദേശ പര്യടനം നടത്തരുത്. ഇയാളെ സഭകളിൽ കയറ്റാതിരിക്കുക, പണവും താമസസൗകര്യവും നൽകാതിരിക്കുക എന്നിവയാണ് പരിഹാര മാർഗ്ഗങ്ങൾ.

# മത്തങ്ങ തിരക്കിലാണ്

മത്തങ്ങ ഈയിടെയായി വലിയ തിരക്കിലാണ്. എന്തെല്ലാം കാര്യങ്ങളാണ് ഇവൻ ചെയ്തു തീർക്കേണ്ടതെന്നറിയാമോ? അത്തരം ഒരു തിരക്കിന്റെ കഥയാണു പറയാൻ പോകുന്നത്.

മറ്റു പത്രങ്ങളിൽ വരുന്ന ലേഖനങ്ങൾ കോപ്പിയടിച്ച് സ്വന്തം പത്രത്തിൽ പ്രസിദ്ധീകരിക്കുക, ഏതെങ്കിലുമൊക്കെ പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ ലേഖനങ്ങളെന്ന ഭാവത്തിൽ പത്രത്തിലിടുക തുടങ്ങി പല തറവേലകളും മത്തങ്ങ ചെയ്തുവരുന്നു. അക്കൂട്ടത്തിലുള്ള ഒരു പരിപാടിയാണ് പരസ്യങ്ങൾ അനുവാദം കൂടാതെ പ്രസിദ്ധീകരിക്കുക എന്നത്. ഇത്തരത്തിലുള്ള ഒരു പരസ്യത്തിന് ഇരയായ ഒരാൾ ശ്രീമാൻ മത്തങ്ങയെ ഫോണിൽ വിളിച്ചു പ്രതിഷേധം അറിയിച്ചു. ''അനുവാദം കൂടാതെ ഞങ്ങളുടെ പരസ്യം നിങ്ങളുടെ പത്രത്തിൽ പ്രസിദ്ധീകരിച്ചതു ശരിയായില്ല'' എന്നും പറഞ്ഞു. ഉടൻ വന്നു മത്തങ്ങയുടെ മറുപടി: ''ഞാൻ ഇപ്പോൾ തിരക്കിലാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു കാര്യം ചർച്ച ചെയ്തുകൊണ്ടിരിക്കയാണ്. പിന്നീടു വിളിക്കൂ.'' (എങ്ങനെയുണ്ട് മത്തങ്ങയുടെ ബുദ്ധി!)

# രുദ്രാക്ഷനെ സൂക്ഷിക്കുക

ബ്രഹ്മശ്രീ രുദ്രാക്ഷാനന്ദൻ ഇപ്പോൾ അമേരിക്കയിലുണ്ട്. ദൈവമക്കൾ സൂക്ഷിക്കുക. ശ്രീമാൻ മത്തങ്ങയുടെ അമേരിക്കൻ പതിപ്പാണ് ഈ വിദ്വാൻ. പണമുണ്ടാക്കാൻ വേണ്ടി എന്തും ചെയ്യാൻ ഇവനു മടിയില്ല.

മത്തങ്ങയെപ്പോലെ, പത്രത്തിന്റെ പേരു പറഞ്ഞാണ് ഈ ചങ്ങാതിയും തട്ടിപ്പു നടത്തുന്നത്. ആയിരമോ രണ്ടായിരമോ കോപ്പിയാണ് ഇയാൾ അടിക്കുക. പക്ഷേ അഞ്ചു ലക്ഷം കോപ്പിയുണ്ടെന്നു പറയും. അഭിമുഖവധം, പരസ്യം, സപ്ലിമെന്റ് തുടങ്ങിയവ പ്രസിദ്ധീകരിച്ചാണ് ഇവൻ സാധുക്കളെ കബളിപ്പിക്കുന്നത്.

മത്തങ്ങ ചെയ്യുന്നതുപോലെ ഇവനും അനുവാദം കൂടാതെ പരസ്യവും അഭിമുഖവും മറ്റും പ്രസിദ്ധീകരിക്കും. ഒടുവിൽ വലിയൊരു തുക പരസ്യക്കൂലിയായി ആവശ്യപ്പെടും. ചിലർ പണം കൊടുക്കും. ചില്ലിക്കാശുപോലും കൊടുക്കാത്തവരുമുണ്ട്. അമേരിക്കയിലുള്ള നിരവധി ആളുകളെ ഇവൻ ഈ വിധത്തിൽ കബളിപ്പിച്ചു കഴിഞ്ഞു.

പെന്തക്കോസ്തുകാരുടെ ഇടയിൽ ചെല്ലുമ്പോൾ ഇവൻ ഒന്നാംതരം പെന്തക്കോസ്തുകാരനായി അഭിനയിക്കും. സമുദായക്കാരെ കാണുമ്പോൾ ഇവനും സമുദായക്കാരനാകും. തിരുമേനിമാരുടെ ഫോട്ടോകൾ സഹിതമാണ് പത്രമിറക്കുക. പിണ്ണാക്ക് സമ്മേളന സ്ഥലത്തും ചർച്ച് ഓഫ് ഗോഡിന്റെ കൺവൻഷനിലും ഇവൻ എത്തിയിരുന്നു. കൂടാതെ, സഭകളിലും വീടുകളിലും കയറി വരിസംഖ്യ പിരിക്കുന്നുമുണ്ട്. പക്ഷേ ആർക്കും പത്രം അയച്ചുകൊടുക്കുകയില്ല. ആണ്ടിൽ രണ്ടോ മൂന്നോ ലക്കങ്ങൾ മാത്രമാണ് അടിക്കുക. പിന്നെങ്ങനെ മാസം തോറും പത്രം കൊടുക്കും? ഈ പരമ പുണ്യാളനെ ദൈവമക്കൾ വീടുകളിലോ സഭകളിലോ കയറ്ററുത്.




## സി.ഡി.കളുടെ വിലവിവരം

ഡിഫെൻഡറിന്റെ ഓഫീസിൽ നിന്നു വിവിധതരം സി.ഡികൾ വിറ്റുവരുന്നതിനാൽ വിലയെപ്പറ്റി സംശയമുണ്ടാകാനിടയുണ്ട്. അതുകൊണ്ട് വിലവിവരപ്പട്ടിക താഴെ കൊടുക്കുന്നു:

1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (എം.പി.3) - 900 രൂപ
2. പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ - 900 രൂപ

രണ്ടു സി.ഡികളും ചേർത്ത് ഇന്ത്യയിൽ - 1800 രൂപ. വിദേശത്തുള്ളവർ വിലയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. (വിദേശത്തേക്ക് സി.ഡികൾ അയയ്ക്കുന്നതല്ല.)

യു.എസ്.ബി ഡ്രൈവ് (For Laptops/Computers only)

1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (എം.പി.3- 100 മണിക്കൂർ), പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ (എം.പി.3 - 100 മണിക്കൂർ) എന്നിവ ഒരു യു.എസ്.ബിയിൽ ലഭിക്കും. വില: ഇന്ത്യയിൽ 1800 രൂപ. വിദേശം: 100 ഡോളർ
2. ലൈബ്രറി ഓഫ് തിയോളജി (Books-PDF) ഇന്ത്യയിൽ- 900 രൂപ. വിദേശം: 50 ഡോളർ

പ്രത്യേക ശ്രദ്ധയ്ക്ക്: യു.എസ്.ബി. ഡ്രൈവുകൾ ഗൾഫ് ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്കും അയയ്ക്കും.

വിലാസം: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542

# അമിതമായി മയക്കുമരുന്നു കഴിച്ച് ഉണർവ്വു പ്രസംഗകൻ മരിച്ചു

പ്രശസ്ത ടി.വി. പ്രഭാഷകനായ റവ.സാക്കെറി റ്റിംസ് മയക്കു മരുന്നിന്റെ അമിത ഉപയോഗം മൂലം മരിച്ചു. ആഗസ്റ്റ് 12ന് അദ്ദേഹത്തിന്റെ മൃതദേഹം ന്യൂയോർക്കിലെ ഒരു ഹോട്ടൽ മുറിയിൽ കണ്ടെത്തുകയായിരുന്നു. മൃതദേഹത്തിനടുത്തുനിന്ന് കൊക്കെയ്ൻ ലഭിക്കുകയുണ്ടായി. അതുകൊണ്ട് അമിത അളവിൽ കൊക്കെയ്ൻ ഉപയോഗിച്ചതാണു മരണത്തിനു കാരണമായത് എന്ന് അനുമാനിക്കപ്പെടുന്നു.



വിശ്വാസത്തിൽ വരുന്നതിനു മുമ്പ് ഇദ്ദേഹം ഡ്രഗ് അഡിക്ട് ആയിരുന്നു. എങ്കിലും മയക്കു മരുന്നുകളിൽ നിന്നു മോചനം പ്രാപിക്കുവാനും സുവിശേഷകനായിത്തീരുവാനും ഇദ്ദേഹത്തിനു കഴിഞ്ഞു എന്നാണു വെബ്സൈറ്റിൽ കാണുന്നത്.

സ്വദേശമായ മേരി ലാന്റിൽ നിന്ന് 1996ൽ ഭാര്യയായ റീവയോടൊപ്പം ഓർലാന്റോയിലെത്തിയ റ്റിംസ് എണ്ണായിരത്തിലധികം വിശ്വാസികളുള്ള ന്യൂ ഡെസ്റ്റിനി ക്രിസ്ത്യൻ സെന്റർ എന്ന സഭയുണ്ടാക്കി. ആറു വിശ്വാസികളുമായി ഒരു ഹോട്ടൽ മുറിയിൽ ആരംഭിച്ച ഈ സഭ വളരുകയും അമേരിക്കയിലെ വലിയ സഭകളിൽ ഒന്നായി മാറുകയും ചെയ്തു. സാമ്പത്തിക സ്ഥിതി മെച്ചമായതോടെ വിശ്വാസികൾക്ക് വിലകൂടിയ സമ്മാനങ്ങൾ നൽകി ഒപ്പം നിർത്താൻ റ്റിംസ് ശ്രദ്ധിച്ചിരുന്നു. ചില വിശ്വാസികൾക്ക് കാറുകൾ വരെ സമ്മാനമായി ലഭിച്ചു.

കാര്യങ്ങൾ ഇങ്ങനെ പുരോഗമിക്കുന്നതിനിടയിൽ റ്റിംസ് ദുർന്നടപ്പിലേക്കു വഴുതിവീണു. അതിന്റെ ഫലമായി (രണ്ടു വർഷം മുമ്പ്) റിവയുമായി വേർപിരിയേണ്ടതായും വന്നു. 15 വർഷം നീണ്ട ദാമ്പത്യജീവിതമാണ് ഈ വിധത്തിൽ തകർന്നത്. (റിവ പിന്നീട് മെജസ്റ്റിക് ലൈഫ് മിനിസ്ട്രീസ് എന്ന പ്രസ്ഥാനം സ്ഥാപിച്ചു.) പാപത്തിൽ നിന്നു കൂടുതൽ പാപങ്ങളിലേക്കു വീണ റ്റിംസിന്റെ അന്ത്യം ഈ വിധത്തിലായത് ദുഃഖകരമാണെന്നു പറയാതെവയ്യ. അമിതാത്മീയത ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്കു കാരണമാകുക പതിവാണ്.

## മ്യൂസിയം നിർമ്മാണം അതിരുവിട്ടാൽ




# ജയിംസ് ജോർജിനെ ഒഴിവാക്കിയില്ലെങ്കിൽ കോൺഫ്രൻസ് കുളമാകും

തട്ടിപ്പു വീരനായ ജയിംസ് ജോർജിനെ നാഷണൽ കൺവീനറാക്കി വച്ചുകൊണ്ട് ഫാമിലി കോൺഫ്രൻസ് നടത്താനുള്ള ശ്രമം പ്രശ്നങ്ങൾക്കു വഴിവയ്ക്കും എന്ന് ഏവരും അറിഞ്ഞിരിക്കണം. ഈ വിഷയത്തെ സംബന്ധിച്ച് ഡിഫെൻഡർ പലവട്ടം എഴുതിയിട്ടും പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കാത്ത കഴുതകൾ ഫലം അനുഭവിച്ചറിയേണ്ടതായി വരും.



സൗത്ത് ഈസ്റ്റ് റീജിയനിലുള്ള മറ്റു ചിലരും പലതരം തട്ടിപ്പുകൾ നടത്തിയിട്ടുള്ളതിനാൽ ജയിംസ് ജോർജിനെതിരെ ശബ്ദിക്കാൻ ധൈര്യപ്പെടുന്നില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. തട്ടിപ്പ് ആരു നടത്തിയാലും പാപമാണ്. പക്ഷേ വിശ്വാസി പാപം ചെയ്യുന്നതിലും ഗൗരവമുള്ള വിഷയമാണ് പാസ്റ്റർ പാപം ചെയ്യുന്നത്. പാസ്റ്റർമാരുടെ തലവനായി വിലസുന്നവൻ പാപം ചെയ്യുന്നത് അത്യന്തം ഗൗരവമുള്ള പ്രശ്നമാണെന്നതിനു സംശയമില്ല. കുറെ വിശ്വാസികൾ തട്ടിപ്പു നടത്തി എന്നത് നാഷണൽ കൺവീനറെ വെള്ള പൂശാനുള്ള പഴുതാകുന്നില്ല.

പാവപ്പെട്ട പാസ്റ്റർമാരുടെ മക്കൾക്കു താമസിച്ചു പഠിക്കാൻ ജയിംസ് ജോർജ് ഹോസ്റ്റലുണ്ടാക്കിയ കഥ പത്തനാപുരത്തുള്ളവർക്ക് നന്നായറിയാം. ഇപ്പോൾ അമേരിക്കൻ ധനകാര്യ സ്ഥാപനത്തെയും കബളിപ്പിച്ചിരിക്കുന്നു. ഈ നീചനെ പുറത്താക്കി എരുമച്ചാണകം തളിക്കാതെ ഫാമിലി കോൺഫ്രൻസ് നടത്തരുത്.

# പരസ്യത്തിലുമുണ്ട് ഇമ്മിണി രഹസ്യം

പരസ്യത്തിൽ രഹസ്യമോ? അതെന്തു പരിപാടി? പറയാം: സംഗതി ശ്രീമാൻ മത്തങ്ങയുമായി ബന്ധപ്പെട്ടതാണ്.

മത്തങ്ങായ്ക്ക് കൂട്ടക്ഷരങ്ങൾ വലിയ പിടിയില്ല. 'ണ്ഡ' വേണ്ടിടത്ത് മണ്ടന്റെ 'ണ്ട' എഴുതും. പക്ഷേ ഈ കൂട്ടക്ഷര വൈരി രണ്ടു പത്രങ്ങളുടെ ചീപ്പ് എഡിറ്ററാണ്. ഒരെണ്ണം സ്വന്തം. രണ്ടാമത്തേത് പെണ്ണുംപിള്ള വഹ. രണ്ടിലും വിഭവങ്ങൾ ഏറെക്കുറെ ഒന്നുതന്നെ.

വാർത്തയോ പരസ്യമോ എന്തുതന്നെ പ്രസിദ്ധീകരിച്ചാലും മത്തങ്ങായ്ക്കു കാശു കിട്ടണം. കുറച്ചുകാലം ഈ പരിപാടി തുടരുകയും ചെയ്തു. ഒരുലക്ഷം കോപ്പിയുണ്ട്, പത്തുലക്ഷം വായനക്കാരുണ്ട് എന്നൊക്കെ പറഞ്ഞാണു പരസ്യം പിടിച്ചിരുന്നത്. പക്ഷേ ഡിഫെൻഡർ മത്തങ്ങായുടെ പ്രഖ്യാപിത ശത്രുവായതോടെ തട്ടിപ്പു പരിപാടി വേണ്ടതുപോലെ നടക്കാതായി. അതോടെ വരുമാനവും കുറഞ്ഞു. ഇനിയെന്തു ചെയ്യും. നല്ല ആരോഗ്യമുണ്ട്. കിളയ്ക്കാൻ പോയാൽ ദിവസം 300 രൂപ കിട്ടും. പക്ഷേ മേലനങ്ങാതെ ജീവിക്കാനാണല്ലോ പാസ്റ്ററായത്. അതുകൊണ്ട് ജോലിയെടുക്കാൻ പറ്റില്ല.

മല മമ്മതിന്റെ അടുത്തേക്കു ചെന്നില്ലെങ്കിൽ മമ്മത് മലയുടെ അടുത്തേക്കു ചെല്ലും. ആരും പരസ്യം കൊടുത്തില്ലെങ്കിൽ അനുവാദം കൂടാതെ പരസ്യമിടും. മറ്റു പത്രങ്ങളിൽ വരുന്ന പരസ്യങ്ങൾ ഇസ്ക്കും. എന്നിട്ട് ബില്ലയയ്ക്കും. മിക്കവരും പണം കൊടുക്കും.

ഈയിടെ ഈ വിദ്വാൻ ഡൽഹിയിലുള്ള ഒരു ബൈബിൾ കോളേജിന്റെ പരസ്യം അനുവാദം കൂടാതെ പ്രസിദ്ധീകരിച്ചു. എന്നിട്ട് 1500 രൂപയുടെ ബില്ലയച്ചു. വഴക്കും വയ്യാവേലിയും വേണ്ട എന്നു കരുതി അവർ പണം അയച്ചുകൊടുത്തു. ഉടൻ മത്തങ്ങ അതേ പരസ്യം എടുത്ത് വാമഭാഗത്തിന്റെ പത്രത്തിലും പ്രസിദ്ധീകരിച്ചു. എന്നിട്ട് വീണ്ടും 1500 രൂപയുടെ ബില്ലയച്ചു. (ഇതാണു മത്തങ്ങയുടെ ബുദ്ധി.) ദൈവമക്കൾ സൂക്ഷിക്കുക: ഇവൻ നിങ്ങളുടെ പരസ്യവും ഇതുപോലെ പ്രസിദ്ധീകരിച്ചിട്ട് ബില്ല് അയച്ചേക്കാം.

# ഒഴിവാക്കിയതല്ല, ട്ടോ

ഡിഫെൻഡറിൽ സ്ഥിരമായി പരാമർശിക്കപ്പെട്ടിരുന്ന ചില പേരുകൾ ഈയിടെ കാണാതായപ്പോൾ പലർക്കും ഒരു സംശയം: ''ഡിഫെൻഡർ കൈക്കൂലി വാങ്ങി പ്രശ്നം ഒതുക്കിയോ?''

പൊന്നു മാളോരേ, ഡിഫെൻഡറിന് ഇപ്പോൾ 12 പേജാണുള്ളത്. ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമില്ല. കൂടുതൽ പ്രാധാന്യമുള്ള വാർത്തകൾ ലഭിക്കുമ്പോൾ സ്ഥിരം കക്ഷികളെ ചിലപ്പോൾ ഒഴിവാക്കേണ്ടതായി വരും. ഒന്നോ രണ്ടോ ലക്കങ്ങളിൽ ചിലരെ കണ്ടില്ലെന്നു കരുതി അവരെ ഒഴിവാക്കി എന്നു തെറ്റിദ്ധരിക്കരുത്. ഡിഫെൻഡർ ആരെയെങ്കിലും ഒഴിവാക്കണമെങ്കിൽ അതിന് ഒരു കാരണമേയുള്ളൂ: അവർ തെറ്റ് ഏറ്റു പറയുകയും തിരുത്തുകയും ചെയ്യണം. കൈക്കൂലി തന്നോ മറ്റേതെങ്കിലും വിധത്തിൽ സ്വാധീനിച്ചോ ഡിഫെൻഡറിനെ മയക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് തെറ്റിദ്ധാരണ മാറ്റുക. സ്ഥിരം കക്ഷികളും പിണ്ണാക്കൻമാരും മറ്റ് ഉണ്ണാക്കൻമാരും ഡിഫെൻഡറിൽ യഥാസമയം പ്രത്യക്ഷപ്പെടും. ആരെയും ഒഴിവാക്കിയിട്ടില്ല.

# വരുന്നൂ മത്തങ്ങാ വഹ ഹോസ്പിറ്റൽ മിനിസ്ട്രി

വിശുദ്ധ മത്തങ്ങ വീണ്ടും ഹോസ്പിറ്റൽ മിനിസ്ട്രി തുടങ്ങുന്നു. 'വീണ്ടും' എന്നു പറയാൻ കാരണമുണ്ട്. ഇവനു പണ്ട്, അതായത് പത്രം തുടങ്ങുന്നതിനു മുമ്പ്, ഹോസ്പിറ്റൽ മിനിസ്ട്രി ഉണ്ടായിരുന്നു. എന്തായിരുന്നു മിനിസ്ട്രി? അതു വിശേഷിച്ചു പറയണോ? ഹോസ്പിറ്റൽ മിനിസ്ട്രി എന്നു പറഞ്ഞു പണം പിരിച്ച് ശാപ്പിടും. അത്രതന്നെ. പത്രം തുടങ്ങിയതോടെ അതു നിർത്തി. പക്ഷേ ഇപ്പോൾ പത്രം വകയിൽ കാര്യമായ വരുമാനമില്ല. അതുകൊണ്ട് വീണ്ടും ഹോസ്പിറ്റൽ മിനിസ്ട്രി തുടങ്ങാൻ തീരുമാനിച്ചിരിക്കയാണ്. അതിന് ഒരു ഫോർവീലറും ജനറേറ്ററും വേണം. ഇപ്പോൾ ഒരു ബൈക്കും കാറും മൈക്ക്സെറ്റും ഉണ്ടല്ലോ. അതുപോരേ? പോരാ, പുതിയതുവേണം.

# കൂശ്യനും പുള്ളിപ്പുലിയും പിന്നെ മരുപ്പച്ചയും

കൂശ്യന് അവന്റെ നിറവും പുള്ളിപ്പുലിക്ക് അതിന്റെ പുള്ളികളും മാറ്റാൻ പറ്റുമോ? അതുപോലെയാണ് മരുപ്പച്ചയുടെ സാത്താന്യ സ്വഭാവത്തിന്റെ കാര്യവും. പെന്തക്കോസ്ത് പത്രമാണു മരുപ്പച്ച എന്നു വരുത്തിത്തീർക്കാനായി എങ്ങും തൊടാത്ത ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനിടയിലും മരുപ്പച്ച തനിനിറം കാട്ടും. ആഗസ്റ്റ് 20 ലക്കം തന്നെ നല്ല ഉദാഹരണം. നാലാം പേജിൽ 'വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന' എന്ന തലക്കെട്ടിൽ ഒരു ലേഖനമുണ്ട്. റവ.സണ്ണി ഏബ്രഹാം എന്നൊരാളാണ് എഴുത്തുകാരൻ. ആരാണ് സണ്ണി ഏബ്രഹാം? ഏതെങ്കിലും പെന്തക്കോസ്ത് പാസ്റ്ററാണോ? ആണെങ്കിൽ ഈ ലേഖനം ഡിഫെൻഡർ പിൻവലിക്കുന്നു. എന്നാൽ അത് തിരുവല്ലയിൽ ബുക്സ്റ്റാൾ നടത്തുന്ന, നവീകരണം എന്ന പത്രം പ്രസിദ്ധീകരിക്കുന്ന, സണ്ണി അച്ചനാണെങ്കിൽ ഈ ലേഖനം പ്രസക്തമാണ്. കാരണം, പെന്തക്കോസ്ത് വിശ്വാസികൾക്ക് ഒരു വിധത്തിലും അംഗീകരിക്കാൻ പറ്റാത്ത കടുത്ത ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന ആളാണു സണ്ണി അച്ചൻ. ഇത്തരത്തിലുള്ള ഒരാളെ ലേഖനമെഴുതാൻ തെരഞ്ഞെടുക്കുക വഴി അച്ചൻകുഞ്ഞ് സകല പെന്തക്കോസ്തുകാരെയും വഞ്ചിക്കയാണ് ചെയ്യുന്നത്.

സ്നാനം, തിരുവത്താഴം എന്നിവ ആവശ്യമേയില്ല എന്നതുൾപ്പെടെ നിരവധി ദുരുപദേശങ്ങൾ സണ്ണിയച്ചൻ പഠിപ്പിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ഒരാളെ എഴുത്തുകാരനായി അച്ചൻകുഞ്ഞ് അവതരിപ്പിക്കുന്നു. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന അനാവശ്യമാണെന്ന് അച്ചൻ എഴുതിയിരിക്കുന്നു. ഇതു വായിക്കുന്നവർ അച്ചൻ ഒന്നാംതരം വിശ്വാസിയാണെന്നു തെറ്റിദ്ധരിക്കും. അച്ചൻ കുഞ്ഞിനു വേണ്ടതും അതാണ്. ദൈവമക്കളേ, ഇതു സാത്താന്യ തന്ത്രമാണ്.

# ഡിഫെൻഡറിന്റെ ശല്യം മൂലം കുറുക്കന്റെ പ്രോഗ്രാം റദ്ദാക്കി

ഡിഫെൻഡറിന്റെ ശല്യം കാരണം ഡൽഹിക്കാർ കുറുക്കന്റെ പ്രോഗ്രാം ക്യാൻസലാക്കി. സെപ്റ്റംബർ 23-25 തീയതികളിൽ നടത്താനിരുന്ന പ്രോഗ്രാമിന് കുറുക്കനെ മൂന്നു മാസം മുമ്പു തന്നെ ക്ഷണിക്കുകയും ഫ്ളൈറ്റ് ടിക്കറ്റ് അയച്ചു കൊടുക്കുകയും ചെയ്തിരുന്നതാണ്. ഡിഫെൻഡർ ഈ വിവരം എങ്ങനെയോ അറിഞ്ഞു. അതോടെ പ്രശ്നവും ആരംഭിച്ചു. കുറുക്കനു കഞ്ഞി വച്ചാൽ കഞ്ഞി വയ്ക്കുന്നവന്റെ കുടുംബ ചരിത്രം മാലോകർ അറിയും എന്നു വളച്ചു കെട്ടാതെ പറഞ്ഞു. അതോടെ ഭാരവാഹികൾ വെട്ടിലായി. കുറുക്കനെ ക്ഷണിച്ചു വരുത്തി ശാപ്പാടുകൊടുത്ത് ഡിഫെൻഡറിനു ജോലി ഉണ്ടാക്കാതിരിക്കയാണു ബുദ്ധി എന്ന് അവർക്കു ബോധ്യമായി. അങ്ങനെ അവർ പ്രോഗ്രാം ക്യാൻസലാക്കി. ടിക്കറ്റിനു മുടക്കിയ പണം തിരികെ വാങ്ങി. വിവരം കുറുക്കനെ അറിയിക്കയും ചെയ്തു. (ശുഭം.)

അടിക്കുറിപ്പ്: ഡിഫെൻഡറിന്റെ ശല്യം കാരണം കുറുക്കന് മന:സമാധാനത്തോടെ ഒന്നു വ്യഭിചരിക്കാൻ പോലും വയ്യെന്നായി.




# പുതുപ്പള്ളിയച്ചൻ ചവറിൽ



ഒരു പണിയുമില്ലാതെ വീട്ടിലിരുന്നപ്പോൾ പുതുപ്പള്ളി അച്ചന് ഒരു പണി കിട്ടി: ചവർ ചാനലിൽ പുസ്തക നിരൂപണം നടത്തുക. സംഗതി മോശമാണെന്നു പറയാൻ പറ്റില്ല. പക്ഷേ ഈ മനുഷ്യന് ഈ പണി ചെയ്യാൻ അറിഞ്ഞുകൂടാ എന്നു മാത്രം.

ചില ചാനലുകളിൽ ഇത്തരം പരിപാടികളുണ്ട്. അതു കണ്ടിട്ടാകാം ഇയാൾക്ക് ഇത്തരമൊരു ആശയം തലയിൽ ഉദിച്ചത്. പക്ഷേ ആന വായ് പൊളിക്കുന്നതു കണ്ടിട്ട് അണ്ണാൻ വായ് പൊളിച്ചാൽ എങ്ങനെയിരിക്കും?

പുതിയ പുസ്തകങ്ങൾ ശ്രോതാക്കളെ പരിചയപ്പെടുത്തുന്നതു നല്ല കാര്യമാണ്. പക്ഷേ അതു ചെയ്യുന്നവനു സാമാന്യ വിവരം ഉണ്ടായിരിക്കണം. വിവരദോഷികൾ പുസ്തകം പരിചയപ്പെടുത്തിയാൽ എങ്ങനെയിരിക്കും? അത് അറിയണമെന്നുള്ളവർ പുതുപ്പള്ളിയച്ചന്റെ പരിപാടി കണ്ടാൽ മതി.

ഏതെങ്കിലും ഒരു പുസ്തകം എടുത്തിട്ട് ഗ്രന്ഥകാരന്റെ പേരും മറ്റും പറയുക. അതു കഴിഞ്ഞ് പുസ്തകത്തിന്റെ ആദ്യ അധ്യായം മുതൽ വായിക്കുക. ഇതാണോ പുസ്തക പരിചയം? കുട്ടികൾക്കുപോലും ചെയ്യാൻ കഴിയുന്ന കാര്യമാണിത്. കഷ്ടമെന്നല്ലാതെ എന്തു പറയാൻ!

ഓർത്തഡോക്സ് സഭയിലെ അച്ചൻമാർക്ക് വിവാഹം കഴിക്കാൻ അനുവാദമില്ല. വിവാഹം കഴിക്കണമെന്നുള്ളവർ അച്ചനാകുന്നതിനു മുമ്പു വിവാഹം കഴിക്കണം. പക്ഷേ പുതുപ്പള്ളിയച്ചൻ കത്തനാരായശേഷം വിവാഹം കഴിച്ചു. അങ്ങനെ പള്ളിയിൽ നിന്നു പുറത്തായി. പിന്നീട് കൽദായ സഭയിൽ ചേർന്നു. എങ്കിലും ജീവിച്ചു പോകാനുള്ള വരുമാനം ലഭിച്ചില്ല. അങ്ങനെയിരിക്കുമ്പോഴാണ് പെന്തക്കോസ്തുകാരനായാലുള്ള അനന്ത സാധ്യതകളെക്കുറിച്ചു കേട്ടറിഞ്ഞത്. ഉടൻ തന്നെ കക്ഷി പെന്തക്കോസ്തുകാരനായി. കരളലിയിക്കുന്ന ഒരു കള്ളസാക്ഷ്യം ചമച്ചു പറയാനും തുടങ്ങി. പക്ഷേ ഈ തട്ടിപ്പ് ഡിഫെൻഡർ കണ്ടുപിടിച്ചു. അതോടെ അച്ചനു പണിയില്ലാതായി. അങ്ങനെ ഒരു ജോലിയുമില്ലാതിരിക്കുന്ന സമയത്താണു ചവറിൽ ഈ പരമ ബോറ് പണി തരപ്പെട്ടത്.

# പിതാക്കൻമാർ ഏറെയുണ്ടായാൽ

ഒരിക്കൽ പൗലൊസ് കൊരിന്ത്യരോടു പറഞ്ഞു: ''നിങ്ങൾക്കു ക്രിസ്തുവിൽ പതിനായിരം ഗുരുക്കൻമാർ ഉണ്ടെങ്കിലും പിതാക്കൻമാർ ഏറെയില്ല.'' (1കൊരി.4:15) പക്ഷേ ശ്രീമാൻ മത്തങ്ങയുടെ കാര്യം അങ്ങനെയല്ല. കക്ഷിക്ക് ഗുരുക്കൻമാർ ഒന്നുപോലുമില്ല. എങ്കിലും പിതാക്കൻമാർ നിരവധിയുണ്ട്. കുറഞ്ഞപക്ഷം രണ്ടെങ്കിലുമുണ്ട്. സംശയമുള്ളവർ ഇവന്റെ പത്രങ്ങൾ നോക്കുക.

പത്താം തീയതി ഇറങ്ങുന്ന സാധനം പെന്തക്കോസ്ത് പത്രമാണ്. പെന്തക്കോസ്ത് സഭകളുമായി ബന്ധപ്പെട്ട വാർത്തകൾ, പരസ്യങ്ങൾ തുങ്ങിയവയാണ് ഇതിലെ വിഭവങ്ങൾ. പത്തു ദിവസം കൂടി കഴിയുമ്പോൾ വാമഭാഗത്തിന്റെ പത്രം പുറത്തിറക്കും. ഇവൻ തന്നെ ചീപ്പ് എഡിറ്റർ. ആഗസ്റ്റ് മുതൽ ഈ സാധനം സമുദായക്കാരുടെ ഉപദേശങ്ങൾ പ്രചരിപ്പിക്കാനുള്ളതാണ്. തിരുമേനിമാരുടെ ചിത്രങ്ങൾ സഹിതമുള്ള ലേഖനങ്ങൾ, പള്ളിയിലെ വാർത്തകൾ തുടങ്ങിയതൊക്കെയാണു വിഭവങ്ങൾ. 10-ാം തീയതിയിലെ പത്രത്തിൽ പാസ്റ്റർ മത്തങ്ങ എന്നാണ് എഴുതുന്നത്. രണ്ടാമത്തെ പത്രത്തിൽ ഇവാ.മത്തങ്ങ എന്നാക്കും. പാസ്റ്റർ എന്ന് എഴുതിയാൽ സമുദായക്കാർ പിണങ്ങും എന്നതുതന്നെ കാരണം. ഇനി പറയൂ: ഇവന് എത്ര പിതാക്കൻമാരുണ്ട്? കുറഞ്ഞ പക്ഷം രണ്ടെണ്ണമെങ്കിലുമില്ലേ?

RNI No. 68089 / 97
2011 September 1

# THE DEFENDER

REGISTERED
KL/ALY/0031/2009-11

# പത്രങ്ങൾക്കും വേണ്ടേ നിലപാടുകൾ?

പെന്തക്കോസ്തിലുള്ളത്ര പത്രങ്ങൾ കേരളത്തിലുള്ള മറ്റേതെങ്കിലും സമുദായത്തിനോ മതവിഭാഗത്തിനോ ഉള്ളതായി അറിവില്ല. ശ്രീമാൻ മത്തങ്ങയെപ്പോലുള്ള കൂട്ടക്ഷര വൈരികൾ പത്രമിറക്കുന്ന ദുരവസ്ഥ മറ്റൊരു സമുദായത്തിലും ഉണ്ടായിരിക്കാനും ഇടയില്ല. പത്രത്തിൽ പടം അടിച്ചു കാണാൻ കൊതിയുള്ള ശുംഭൻമാർ പെന്തക്കോസ്തിൽ ഉള്ളിടത്തോളം കാലം ഈ സ്ഥിതിക്കു മാറ്റം ഉണ്ടാകാൻ സാധ്യതയുമില്ല. എങ്കിലും ചിലതൊക്കെ പറയാതെ വയ്യ.

മഴക്കാലം കഴിഞ്ഞാലുടൻ കൺവൻഷൻ സീസൺ ആരംഭിക്കും. പെന്തക്കോസ്തിലുള്ള സകല പത്രങ്ങളും സ്റ്റാളിട്ടു വരിസംഖ്യ പിരിക്കുന്നത് കൺവൻഷനുകളിലാണ്. ചിലർ കൺവൻഷനുകളുടെ പേരിൽ സപ്ലിമെന്റുകളും ഇറക്കും. പരസ്യം വകയിൽ ലഭിക്കുന്ന പണം തന്നെ ലക്ഷ്യം.

ഒരു ബിസിനസ്സ് എന്ന നിലയ്ക്കു പത്രം ഇറക്കുന്നതു പാപമാണോ? ആണെന്നു പറയാനാവില്ല. പക്ഷേ ആത്മീയത വിറ്റു പായസം കുടിക്കുന്ന സ്ഥിതിയിലേക്കു പെന്തക്കോസ്ത് പത്രങ്ങൾ താഴരുത്. ആത്മീയത, ഉപദേശവിശുദ്ധി, ധാർമ്മികത തുടങ്ങിയവ അടിയറവയ്ക്കാതെ നടത്താൻ കഴിയുന്ന ബിസിനസ്സ് നടത്താം. പക്ഷേ പണത്തിനുവേണ്ടി സാത്താന് ഒശാന പാടാൻ പാടില്ല എന്നു ചുരുക്കം.

പെന്തക്കോസ്ത് പത്രം എന്ന വാക്ക് ഈ കുറിപ്പിൽ പലവട്ടം ഉപയോഗിച്ചു. അതുകൊണ്ട് എന്താണു പെന്തക്കോസ്ത് പത്രം എന്നു വ്യക്തമാക്കിയിട്ട് മുമ്പോട്ടു പോകാം. പെന്തക്കോസ്ത് ഉപദേശത്തിൽ വിശ്വസിക്കുകയും അവ പ്രചരിപ്പിക്കുകയും അവയ്ക്കു വിരുദ്ധമായ ഉപദേശങ്ങൾ പ്രചരിപ്പിക്കാതിരിക്കുകയും ചെയ്യുന്ന പത്രങ്ങളെയാണ് പെന്തക്കോസ്ത് പത്രം എന്നതുകൊണ്ട് അർത്ഥമാക്കിയത്. എന്താണു പെന്തക്കോസ്ത് ഉപദേശം എന്ന ചോദ്യവും പ്രസക്തമാണ്. റ്റി.പി.എം. പെന്തക്കോസ്ത് സഭയാണോ? ആണെന്ന് അവർ അവകാശപ്പെടുന്നു. അങ്ങനെ അവകാശപ്പെടാനുള്ള അവകാശം അവർക്കുണ്ട് എന്നതു ശരിതന്നെ. പക്ഷേ ഡിഫെൻഡർ റ്റി.പി.എമ്മിനെ പെന്തക്കോസ്ത് സഭയായല്ല ഒരു കൾട്ടായാണു പരിഗണിക്കുന്നത്. അതുപോലെ യേശുനാമക്കാരെയും ഡിഫെൻഡർ ദുരുപദേശക്കാരായി കണക്കാക്കുന്നു. പക്ഷേ ഐ.പി.സി, എ.ജി., ചർച്ച് ഓഫ് ഗോഡ്, ശാരോൻ തുടങ്ങിയ സംഘടനകൾ തങ്ങളുടെ ഭരണഘടനയിലൂടെ വ്യക്തമാക്കിയിരിക്കുന്ന വിധത്തിലുള്ള അടിസ്ഥാന വേദോപദേശങ്ങൾ അംഗീകരിക്കുകയും അവ പഠിപ്പിക്കയും ചെയ്യുന്ന വ്യക്തികളെ പെന്തക്കോസ്തുകാരായും ഇത്തരത്തിലുള്ള വിശ്വാസികളുടെ കൂട്ടായ്മയെ പെന്തക്കോസ്ത് സഭയായും ഡിഫെൻഡർ പരിഗണിക്കുന്നു. ഈ ഉപദേശങ്ങൾക്കു വിരുദ്ധമായ ഉപദേശങ്ങൾ പ്രചരിപ്പിക്കുന്നവരെ ദുരുപദേശക്കാരായി ഡിഫെൻഡർ കണക്കാക്കുന്നു.

പെന്തക്കോസ്ത് എന്താണെന്നും എന്തല്ലെന്നും തീരുമാനിക്കുന്നതു ഡിഫെൻഡർ ആണോ എന്നു ചോദിച്ചേക്കാം. ഡിഫെൻഡറിന്റെ നിലപാടു വ്യക്തമാക്കാനുള്ള സ്വാതന്ത്ര്യം ഡിഫെൻഡറിനുണ്ട്. മറ്റുള്ളവർക്ക് അവരുടേതായ നിലപാടുകൾ സ്വീകരിക്കാം. പക്ഷേ ഡിഫെൻഡറിന്റെ എഴുത്തുകൾ ഡിഫെൻഡറിന്റെ നിലപാടുകൾക്ക് അനുസൃതമായിരിക്കും എന്നു മാത്രം.

ഡിഫെൻഡർ എന്തു വിശ്വസിക്കുന്നു എന്ന് കഴിഞ്ഞ വർഷം വളരെ വ്യക്തമായി വിശദീകരിച്ചിരുന്നു. ഈ ലേഖനങ്ങൾ സമാഹരിച്ച് പുസ്തകമാക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഡിഫെൻഡറിന്റെ വിശ്വാസപ്രമാണത്തെപ്പറ്റി ഇവിടെ ആവർത്തിക്കേണ്ട ആവശ്യമില്ലല്ലോ.

ഇനി മറ്റു പത്രങ്ങളുടെ കാര്യം: പെന്തക്കോസ്തിലെ ഏറ്റവും പ്രധാനപ്പെട്ട പത്രം ഗുഡ്ന്യൂസ് ആണെന്നതിനു സംശയമില്ല. പെന്തക്കോസ്ത് ഐക്യം സാധ്യമാക്കുക എന്നത് ഗുഡ്ന്യൂസിന്റെ പ്രഖ്യാപിത ലക്ഷ്യവുമാണ്. അതുകൊണ്ട് ഗുഡ്ന്യൂസ് പെന്തക്കോസ്ത് പത്രമാണ് എന്നതിനു സന്ദേഹമില്ല. പക്ഷേ ഗുഡ്ന്യൂസ് റ്റി.പി.എമ്മിനെ പെന്തക്കോസ്ത് പ്രസ്ഥാനമായി പരിഗണിക്കുന്നതായി കാണുന്നു. റ്റി.പി.എമ്മിന്റെ ദുരുപദേശങ്ങളെപ്പറ്റി വിവരമില്ലാത്തതുകൊണ്ടാകാം ഗുഡ്ന്യൂസ് ഇങ്ങനെ ചെയ്യുന്നത്. അതാണു പ്രശ്നമെങ്കിൽ പാസ്റ്റർ റ്റി.ജി.ഉമ്മൻ സി.പി.എമ്മിന്റെ ദുരുപദേശങ്ങളെ നിശിതമായി വിമർശിച്ചെഴുതിയ പുസ്തകം കണ്ടെത്തി വായിക്കുക. എന്നിട്ടും ബോദ്ധ്യം വരുന്നില്ലെങ്കിൽ ഡിഫെൻഡറിനെ വിവരം അറിയിക്കുക.

അതികലശലായ റ്റി.പി.എം. പ്രേമമുള്ള ഒരു പത്രമാണ് മരുപ്പച്ച. പക്ഷേ അതിൽ അദ്ഭുതത്തിനു വകയില്ല. കാരണം, മരുപ്പച്ച പെന്തക്കോസ്ത് പത്രമല്ല. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു എന്ന് അവകാശപ്പെടുന്ന എല്ലാ സഭയും മരുപ്പച്ചയ്ക്കു ദൈവസഭയാണ്. പക്ഷേ ഈ നിലപാട് വളച്ചുകെട്ടാതെ പറയാനുള്ള ധൈര്യം മരുപ്പച്ചയ്ക്കില്ല. ''മരുപ്പച്ച ഒരു സഭയുടേയും നാവല്ല'' എന്ന മട്ടിലുള്ള അഴകൊഴമ്പൻ പ്രസ്താവനകളാണ് മരുപ്പച്ച പുറപ്പെടുവിക്കുക. പെന്തക്കോസ്തുകാരുടെ പണവും പരസ്യവും വേണം. പക്ഷേ സമുദായസ്നേഹം കലശലാണുതാനും. രണ്ടും കെട്ട സ്ഥിതി.

ഏറെക്കുറെ ഇതിനു സമാനമാണ് മത്തങ്ങായുടെ പത്രങ്ങൾ. പെന്തക്കോസ്തുകാരുടെ അടുത്തു ചെല്ലുമ്പോൾ കക്ഷി അത്യുഗ്രൻ പെന്തക്കോസ്തുകാരനാകും. പക്ഷേ തിരുമേനിയെ കാണുമ്പോൾ മോതിരം മുത്തും. പണം കിട്ടിയാൽ എന്തുംചെയ്യും.

ഹാലേലൂയ്യാ, സങ്കീർത്തനം, സ്വർഗ്ഗീയധ്വനി, ജേണൽ, ജാലകം, യുഗാന്ത്യസന്ദേശം, ജ്യോതിമാർഗ്ഗം തുടങ്ങി ചെറുതും വലുതുമായ കുറച്ചധികം പത്രങ്ങൾ വേറെയുമുണ്ട്. ഇവയെല്ലാം പെന്തക്കോസ്ത് പത്രങ്ങളായയാണു പരിഗണിക്കപ്പെടുന്നത്. ഈ ധാരണ തെറ്റാണെന്ന് ഇവരാരും പറഞ്ഞിട്ടുമില്ല.

ഈ കാര്യങ്ങളൊക്കെ ഇപ്പോൾ പറയാൻ കാരണമുണ്ട്: മഴക്കാലം അവസാനിക്കാറായി. മറ്റൊരു കൺവൻഷൻ സീസൺ പടിവാതിൽക്കൽ എത്തിയിരിക്കുന്നു. കൺവൻഷൻ സീസണാണു പത്രങ്ങളുടെ ചാകരക്കാലം. പെന്തക്കോസ്ത് ഉപദേശങ്ങളിൽ വിശ്വസിക്കുകയും അവ പ്രചരിപ്പിക്കുകയും ചെയ്യുന്ന പത്രങ്ങളെ പെന്തക്കോസ്ത് വിശ്വാസികൾ പ്രോൽസാഹിപ്പിക്കണം. വരിസംഖ്യ നൽകി സഹായിക്കണം. പക്ഷേ ഇക്കൂട്ടത്തിലുള്ള കള്ളനാണയങ്ങളെ തിരിച്ചറിയാൻ പെന്തക്കോസ്തുകാർക്കു കഴിയണം. ആട്ടിൻതോലിട്ട ചെന്നായ്ക്കളെ ആട്ടിൻകൂട്ടത്തിൽ നിന്ന് അടിച്ചോടിക്കണം.

മരുപ്പച്ച, മത്തങ്ങാപ്പത്രങ്ങൾ തുടങ്ങിയവ പെന്തക്കോസ്ത് വിരുദ്ധ പത്രങ്ങളാണ്. ആട്ടിൻതോലിട്ട ചെന്നായ്ക്കളായി ഇവരെ കണക്കാക്കണം. ഇവയ്ക്ക് പരസ്യമോ വരിസംഖ്യയോ നൽകരുത്. കൺവൻഷൻ പരിസരത്ത് സ്റ്റാളിടാൻ സ്ഥലം കൊടുക്കുകയും അരുത്. മറ്റു പത്രങ്ങൾ പെന്തക്കോസ്ത് ഉപദേശത്തിൽ നിലനിൽക്കുന്നോ എന്നു സസൂക്ഷ്മം നിരീക്ഷിക്കണം. ഏതെങ്കിലും പത്രം പെന്തക്കോസ്ത് ഉപദേശങ്ങൾക്കു നിരക്കാത്ത ഉപദേശങ്ങൾ പ്രചരിപ്പിക്കുന്നതായി കണ്ടാൽ അവയെയും ബഹിഷ്ക്കരിക്കണം. ദൈവമക്കളുടെ പണം സാത്താന്റെ മക്കൾ തിന്നാൻ ഇടയാകരുത്.



## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ പോസ്റ്റിൽ അയയ്ക്കുന്നതിനു നിയന്ത്രണമുണ്ട്. ആകയാൽ വിദേശ രാജ്യങ്ങളിലുള്ളവർ ഇന്ത്യയിലെ വിലാസം അറിയിക്കുക. (വിദേശത്തേക്കു സി.ഡി. അയയ്ക്കുന്നതല്ല.) എന്നാൽ ഗൾഫ് രാജ്യങ്ങൾ ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്ക് യു.എസ്.ബി. ഡ്രൈവിലുള്ള പ്രസംഗങ്ങൾ അയയ്ക്കുന്നതാണ്. വില: (200 മണിക്കൂർ)-100 ഡോളർ. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക. ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**


Printed, Published and Owned by T.S.Balan, Anand Bhavan, Valayanchirangara P.O., Ernakulam District, Kerala, Pin. 683556. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala, 683542. Published at Anand Bhavan, Valayanchirangara P.O., Ernakulam District, Kerala, Pin. 683556. Editor: T.S.Balan